VOL NO: 03 | ISSUE 33

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 AUGUST 17 | ₹12

## പരിഷ്കൃത ലോകത്തിന്റെ അപരിഷ്കൃത മുഖം

ലോകം അനുദിനം അശാന്തിയിലേക്കും അസമാധാനത്തിലേക്കും അക്രമത്തിലേക്കും നടന്നടുക്കുകയാണ്. വൈജ്ഞാനിക, ശാസ്ത്ര, സാങ്കേതിക രംഗങ്ങളിൽ വട്ടപ്പൂജ്യമായിരുന്ന പൗരാണിക സമൂഹങ്ങളെ നാം കാടന്മാരും സംസ്കാരശൂന്യരും അപരിഷ്കൃതരും അക്രമികളും എന്നൊക്കെയാണ് വിശേഷിപ്പിക്കാറുള്ളത്. സംസ്കാരത്തിന്റെയടിസ്ഥാനത്തിലാണെങ്കിൽ ആധുനികരായ നാമാണോ അവരാണോ പരിഷ്കാരികളും നീതിമാന്മാരുമെന്ന് പര്യാലോചിക്കേണ്ടിയിരിക്കുന്നു.



## ശൈശവ വിവാഹം ഇസ്‌ലാമിന്റെ സംഭാവനയോ?

ഇസ്‌ലാമിനെതിരെയുള്ള വിമർശനങ്ങളിൽ എക്കാലത്തും മുൻപന്തിയിൽ നിൽക്കുന്ന വിഷയമാണ് ശൈശവ വിവാഹം. ആയിശ(റ)യുമായുള്ള പ്രവാചകൻ(ﷺ)യുടെ വിവാഹം ഇതിന് തെളിവായി വിമർശകർ ഉന്നയിക്കാറുമുണ്ട്. യഥാർഥത്തിൽ എന്താണ് ശൈശവ വിവാഹം? ഇസ്‌ലാമാണോ ഇത് ലോകത്തിന് സംഭാവന ചെയ്തത്? ഏറ്റവും കൂടുതൽ ശൈശവവിവാഹം നടക്കുന്നത് എവിടെയാണ്? കണക്കുകൾ നിരത്തിയുള്ള സമർഥനം.

|| യൂസുഫ് നബി: ചരിത്രം നൽകുന്ന പാഠങ്ങൾ
|| അഹ്‌ലുസ്സുന്നയുടെ കിരീടാവകാശികളോ?
|| പകുവയ്ക്കാം പകുത്ത് നൽകാം

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0135 / 2019 ആഗസ്റ്റ് 17 / ദുൽഹിജ്ജ 16 / പുസ്തകം 3 / ലക്കം / 33




# ശൈശവ വിവാഹം ഇസ്‌ലാമിന്റെ സംഭാവനയോ?

മുഹമ്മദ് സ്വാദിഖ് മദീനി / 10


**മുഖമൊഴി**

പരിഷ്‌കൃത ലോകത്തിന്റെ അപരിഷ്‌കൃത മുഖം / 05
എഡിറ്റർ

**വിമർശനം**

ബറേൽവികൾ അഹ്‌ലുസ്സുന്നയുടെ കിരീടാവകാശികളോ? ഭാഗം: 2 / 16
മൂസ സ്വലാഹി, കാര

**ക്വുർആൻ ദർശനം**

അൽമുദ്ദസ്സിർ (പുതച്ചുമൂടിയവൻ), ഭാഗം: 3 / 21
അബ്ദുറഹ്‌മാൻ നാസിർ അസ്സഅദി

**ഗാനം**

ത്യാഗസ്മരണ / 26
ഉസ്മാൻ പാലക്കാഴി

**ലേഖനം**

മലക്കുകളുടെ സഹായം / 07
ഫദ്‌ലുൽ ഹഖ് ഉമരി

പങ്കുവയ്ക്കാം പകുത്ത് നൽകാം / 18
നബീൽ പയ്യോളി

യൂസുഫ് നബി:
ചരിത്രം നൽകുന്ന പാഠങ്ങൾ / 21
സ്വലാഹ്ബിൻ അബീബക്കർ

പണ്ഡിതന്മാർക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങൾ / 30
ശൈഖുൽ ഇസ്‌ലാം ഇബ്‌നു തീമിയ

**അനുഭവം**

വിലാപങ്ങൾക്കൊടുവിൽ / 27
ഫൈസൽ അനന്തപുരി, ജാമിഅ അൽഹിന്ദ്

**കാഴ്ച**

പരിശ്രമിച്ചാൽ ജോലി കിട്ടും / 34
ഇബ്‌നു അലി എടത്തനാട്ടുകര



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# ‘വിസ്ഡം ഡയലോഗ്’
## ഓഗസ്റ്റ് 16ന് നിലമ്പൂരിൽ തുടക്കം

നുണ ആയിരം തവണ ആവർത്തിച്ചാൽ അത് സത്യമായി ഗണിക്കപ്പെടുമെന്നും പിന്നെ സത്യത്തിന് യാതൊരു പ്രസക്തിയുമുണ്ടാകില്ലെന്നും കരുതുന്നവർ മുമ്പുണ്ടായിരുന്നു; ഇന്നുമുണ്ട്. ആഴത്തിൽ അർഥതലങ്ങളുള്ള വാക്കുകളെയും പ്രത്യയശാസ്ത്രങ്ങളെയും ആദർശങ്ങളെയും ഒറ്റവരി ‘ട്രോൾ’ കൊണ്ട് അപ്രസക്തമാക്കാമെന്ന് കരുതുന്നവർ ഏറെയുണ്ടിന്ന്. ലോകത്തെ മാറ്റിമറിച്ച മഹോന്നത വ്യക്തിത്വങ്ങളെ ഒരുമാസത്തെ ‘ഹേറ്റ് ക്യാമ്പയ്ൻ’ കൊണ്ട് വികൃതമാക്കാൻ ശ്രമിക്കുന്നവർ! യാഥാർഥ്യങ്ങൾക്കോ അറിവിനോ പ്രാധാന്യം കൊടുക്കാത്തവർ!

ഇസ്‌ലാമിനെതിരെ ഇപ്പോൾ നടക്കുന്നത് ഈയൊരു തരത്തിലുള്ള മനഃശാസ്ത്ര യുദ്ധമാണ്. പ്രത്യക്ഷത്തിൽ അപ്രതിരോധ്യമെന്ന് തോന്നിക്കുന്ന നുണകളുടെ വൻമതിലുകൾ തീർക്കുന്നതാണ് ഈ മനഃശാസ്ത്ര യുദ്ധത്തിന്റെ രീതി. ഇതിനായി ഇസ്‌ലാമിന്റെ വിശ്വാസാദർശങ്ങൾ പഴഞ്ചനാണെന്നും മൂല്യസങ്കൽപങ്ങൾ മാനവികതക്കെതിരാണെന്നുമുള്ള പ്രചാരണങ്ങൾ നടത്തുന്നു. ഇസ്‌ലാം മനുഷ്യനെ കൊന്ന് തിന്നുന്ന ഭീകരജീവിയാണെന്ന് പരിചയപ്പെടുത്തുന്നു. സ്ത്രീയെ അടിച്ചമർത്താനുള്ള പുരുഷ മേധാവിത്വത്തിന്റെ ഉപകരണമാണ് ഇസ്‌ലാമെന്ന ദുരാരോപണം തകൃതിയായി നടത്തുന്നു. നവലോകം നേരിടുന്ന ഒരു വെല്ലുവിളിക്കും ഇസ്‌ലാം പരിഹാരമല്ലെന്നും അത് ലോകത്തെ കാർന്നുതിന്നുന്ന ക്യാൻസറാണെന്നും വിശ്വസിപ്പിക്കാൻ ക്യാമ്പെയ്നുകൾ നടത്തുന്നു.

ഈ വഞ്ചനാത്മകമായ നീചശ്രമങ്ങളെ തുറന്നുകാട്ടുക എന്നത് അനിവാര്യമായിരിക്കുന്നു. ‘വിസ്ഡം ഡയലോഗ്’ എന്ന പേരിൽ അതിന് വേദിയൊരുങ്ങിക്കഴിഞ്ഞു.

തുടർച്ചയായി ഇസ്‌ലാമിനെയും പ്രവാചകനെയും ക്വുർആനിനെയുമെല്ലാം പറ്റി നുണകളും അർധസത്യങ്ങളും ആവർത്തിച്ചുകൊണ്ടേയിരുന്നാൽ അത് പൊതുജനം സ്വീകരിക്കും എന്ന നിലക്കാണ് വിമർശകർ ഇപ്പോൾ മുന്നോട്ട് പോകുന്നത്. തീർത്തും ബാലിശമായ ആരോപണങ്ങളായതിനാൽ ഇസ്‌ലാമിക സമൂഹം അവഗണിച്ച ഇത്തരം പ്രൊപഗണ്ടകൾ പക്ഷേ മാന്യതയുടെ എല്ലാ അതിർവരമ്പുകളും ലംഘിച്ച് ആക്ഷേപത്തിലേക്കും പരിഹാസത്തിലേക്കും വഴിമാറിയിരിക്കുകയാണ്. പ്രമാണങ്ങളെ പറ്റി അടിസ്ഥാനപരമായ അറിവില്ലാത്ത സാധാരണക്കാർ ഇവരുടെ ആരോപണങ്ങളിലും അൽപമൊക്കെ സത്യമുണ്ടെന്ന് ചിന്തിക്കുന്ന അവസ്ഥ ഗൗരവകരമാണ്. ഈ കാര്യം തിരിച്ചറിഞ്ഞു കൊണ്ട് കാലഘട്ടത്തിന്റെ ദൗത്യം ഏറ്റെടുക്കുകയാണ് ‘വിസ്ഡം ഡയലോഗ്’.

ഇതൊരു തുടക്കമല്ല, തുടർച്ചയാണ്... സത്യത്തിനാണ് അന്തിമവിജയമെന്ന വസ്തുതയിൽ വിശ്വസിച്ച് മുൻഗാമികൾ നടന്ന വഴിയെയുള്ള ചുവടുവയ്പ്.

ഇസ്‌ലാമിന്റെ തനിമയാർന്ന ആദർശം വിശദീകരിക്കാനും വിമർശനങ്ങൾക്ക് മറുപടി നൽകാനും വേണ്ടിയുള്ള ഒരു തുടർപ്രോഗ്രാമാണ് ‘വിസ്ഡം ഡയലോഗ്.’ 2019 ഓഗസ്റ്റ് 16 വെള്ളിയാഴ്ച നിലമ്പൂരിൽ വെച്ചാണ് ഇതിന്റെ ആദ്യ സെഷൻ നടക്കുന്നത്. യൂത്ത് ഓർഗനൈസേഷന്റെ മേൽനോട്ടത്തിൽ വിസ്ഡം കൂട്ടായ്മകളാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.

‘മുഹമ്മദ് നബിﷺ: കുടുംബം, ധാർമികത’ എന്ന വിഷയത്തെ ആസ്പദമാക്കി നടക്കുന്ന പരിപാടിയിൽ അബൂബക്കർ സലഫി, ഫൈസൽ മൗലവി, സ്വാദിക് മദീനി, ഹാരിസ്ബിൻ സലീം, അബ്ദുൽ മാലിക് സലഫി, കെ. സജ്ജാദ്. താജുദ്ദീൻ സ്വലാഹി, അബ്ദുല്ല ബാസിൽ, യു. മുഹമ്മദ് മനി തുടങ്ങിയവർ സംബന്ധിക്കും.

**സൃഷ്ടികൾ ക്ഷണിക്കുന്നു**

‘നേർപഥ’ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

# പരിഷ്കൃത ലോകത്തിന്റെ അപരിഷ്കൃത മുഖം

**ലോ**കം അനുദിനം അശാന്തിയിലേക്കും അസമാധാനത്തിലേക്കും അക്രമത്തിലേക്കും അനീതിയിലേക്കും നടന്നടുക്കുകയാണോ? ലോകരാജ്യങ്ങളുടെ പോക്ക് കാണുമ്പോൾ ഇങ്ങനെ സംശയിക്കാതിരിക്കാൻ കഴിയുന്നില്ല. വൈജ്ഞാനിക, ശാസ്ത്ര, സാങ്കേതിക രംഗങ്ങളിൽ വട്ടപ്പൂജ്യമായിരുന്ന പൗരാണിക സമൂഹങ്ങളെ നാം കാടന്മാരും സംസ്കാരശൂന്യരും അപരിഷ്കൃതരും താന്തോന്നികളും അക്രമികളും എന്നൊക്കെയാണ് വിശേഷിപ്പിക്കാറുള്ളത്. ആധുനികരായ നമ്മളോ സംസ്കാര സമ്പന്നരും പരിഷ്കാരികളും നീതിമാന്മാരും!

വ്യവസ്ഥാപിത ഭരണകൂടങ്ങളും നിയമങ്ങളും സാങ്കേതിക പുരോഗതിയും വൈജ്ഞാനിക വളർച്ചയുമൊക്കെ ഇന്ന് ലോകത്ത് നിലനിൽക്കുന്നു എന്നത് ശരി തന്നെ. എന്നാൽ ഓരോ രാജ്യത്തിന്റെയും അവസ്ഥകൾ വേറെ വേറെയായി എടുത്ത് പരിശോധിക്കുക. എത്ര രാജ്യങ്ങളിലാണ് ജനങ്ങൾ നിർഭയരായി ജീവിക്കുന്നത്? ഏത് രാജ്യത്താണ് ഭണകൂടത്തിന്റെ അടിച്ചമർത്തലില്ലാത്തത്? ഏത് രാജ്യത്താണ് അഴിമതിയും സ്വജനപക്ഷപാതിത്തവും അധികാരദുർവിനിയോഗവും ഇല്ലാത്തത്? അയൽരാജ്യങ്ങളുടെ ആക്രമണ ഭീതിയിൽ നിന്ന് മുക്തമായ എത്ര രാജ്യങ്ങളുണ്ട്? വരുമാനത്തിന്റെ സിംഹഭാഗവും യുദ്ധായുധങ്ങൾ വാങ്ങിക്കൂട്ടുവാനായി ചെലവഴിക്കാത്ത ഏത് രാജ്യമാണുള്ളത്? ജാതി, മതം, വർഗം, വർണം, പ്രത്യയശാസ്ത്രം തുടങ്ങി ഏതെങ്കിലുമൊന്നിന്റെയെങ്കിലും പേരിൽ ജനങ്ങൾക്കിടയിൽ വിവേചനവും നീതിനിഷേധവും കാണിക്കാത്ത ഭരണകൂടമുള്ള എത്ര രാജ്യങ്ങളെ ചൂണ്ടിക്കാണിക്കാനാവും? വളരെക്കുറച്ചു മാത്രം!

വെട്ടിപ്പിടിക്കാനും രാജ്യവിസ്തൃതി വർധിപ്പിക്കാനും ചിലർ ശ്രമിക്കുമ്പോൾ ലോകരാജ്യങ്ങളുടെ മേൽ മൊത്തം തങ്ങളുടെ അധീശത്വമുണ്ടാകണമെന്ന അതിമോഹമാണ് മറ്റുചിലരെ നയിക്കുന്നത്. അതോടൊപ്പം ആയുധക്കച്ചവടവും നടക്കണം. ആയുധക്കച്ചവടം പൊടിപൊടിക്കണമെങ്കിൽ രാജ്യങ്ങൾക്കിടയിൽ ശത്രുതയുണ്ടാവുകയും യുദ്ധഭീതി നിലനിൽക്കുകയും വേണം. അതിനായുള്ള കുത്സിത ശ്രമങ്ങൾ അവർ നടത്തിക്കൊണ്ടേയിരിക്കും.

പല രാജ്യങ്ങളും ഇന്ന് അഭ്യന്തര യുദ്ധങ്ങളാൽ അശാന്തമാണ്. അവിടങ്ങളിലെ ജനജീവിതം എത്ര ദുസ്സഹമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. സ്വന്തം രാജ്യത്തെ, തങ്ങൾക്ക് അനഭിമതരായ ജനവിഭാഗങ്ങൾക്കിടയിൽ ഭീതിവിതച്ച് അവരെ നിശ്ശബ്ദരാക്കുക, തങ്ങൾക്ക് വിധേയത്വം കാണിച്ച് ജീവിക്കാൻ നിർബന്ധിക്കുക, സാധിക്കുന്നത്ര അവരെ ഇല്ലായ്മ ചെയ്യുക തുടങ്ങിയ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ ഭരണകൂടത്തിന്റെ രഹസ്യമായ ഒത്താശയോടെ നടക്കുന്ന രാജ്യങ്ങളും പരിഷ്കൃത ലോകത്തിനു മുന്നിൽ അപമാനമായി നിലകൊള്ളുന്നുണ്ട്.

ലോകത്തെ മഹാഭൂരിപക്ഷം ജനങ്ങളും സമാധാനം ആഗ്രഹിക്കുന്നവരാണ്. മനുഷ്യത്വം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. തങ്ങൾ അനുഭവിക്കുന്ന വിശ്വാസ സ്വാതന്ത്ര്യവും ജീവിതസൗകര്യങ്ങളും എല്ലാവർക്കും ഉണ്ടായിരിക്കണമെന്ന് താൽപര്യപ്പെടുന്നവരാണ്. യുദ്ധത്തെയും കലാപങ്ങളെയും വെറുക്കുന്നവരാണ്. ഈ ചിന്താഗതിയിലേക്ക് ഭരണകർത്താക്കൾ ഉയർന്നാൽ തീരുന്നതേയുള്ളൂ ലോകത്തെ മിക്ക പ്രശ്നങ്ങളും.

**ലോകത്തെ മഹാഭൂരിപക്ഷം ജനങ്ങളും സമാധാനം ആഗ്രഹിക്കുന്നവരാണ്. മനുഷ്യത്വം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. തങ്ങൾ അനുഭവിക്കുന്ന വിശ്വാസ സ്വാതന്ത്ര്യവും ജീവിതസൗകര്യങ്ങളും എല്ലാവർക്കും ഉണ്ടായിരിക്കണമെന്ന് താൽപര്യപ്പെടുന്നവരാണ്. യുദ്ധത്തെയും കലാപങ്ങളെയും വെറുക്കുന്നവരാണ്. ഈ ചിന്താഗതിയിലേക്ക് ഭരണകർത്താക്കൾ ഉയർന്നാൽ തീരുന്നതേയുള്ളൂ ലോകത്തെ മിക്ക പ്രശ്നങ്ങളും.**

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com






ബദ്ർ യുദ്ധം

# മലക്കുകളുടെ സഹായം

**ബ**ദ്ർ യുദ്ധത്തിൽ നബിﷺ മുൻനിരയിൽ തന്നെ ഉണ്ടായിരുന്നു. അതിശക്തമായ നിലയ്ക്ക് യുദ്ധവും ചെയ്തിരുന്നു. അപ്രകാരം തന്നെയായിരുന്നു അബൂബക്റും. തനിക്കു വേണ്ടി ഉണ്ടാക്കപ്പെട്ട ചെറിയ കുടിലിൽ(ടെന്റ്) മാത്രമായോ പ്രാർഥനയിൽ മാത്രമായോ നബിﷺ സമയം മുഴുവനും ചെലവഴിച്ചിട്ടില്ല. മറിച്ച് നബിﷺയും അബൂബക്ർؓവും ടെന്റിൽ ഇരുന്നുകൊണ്ട് പ്രാർഥിക്കുകയും ശേഷം മുസ്‌ലിംകൾക്കിടയിലേക്ക് ഇറങ്ങി വന്നു കൊണ്ട് അവരോടൊപ്പം യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തു. ബദ്ർ യുദ്ധ ദിവസം നബിﷺ തങ്ങളെക്കാൾ ശത്രുക്കളിലേക്ക് കൂടുതൽ അടുത്ത് ചെന്നിരുന്നതായും ശക്തമായ നിലയ്ക്ക് യുദ്ധം ചെയ്തതായും അലിؓവിൽ നിന്നും നിവേദനം ചെയ്യുന്ന ഹദീഥിൽ കാണുവാൻ സാധിക്കും (അഹ്മദ്: 653).

ഈമാനികമായ ശക്തിയോടുകൂടി യുദ്ധക്കളത്തിൽ മുസ്‌ലിംകൾ ഉറച്ചുനിന്നു. മുശ്‌രിക്കുകളോട് ശക്തമായ നിലയിൽ അവർ പോരാടുകയും ചെയ്തു. അല്ലാഹു മലക്കുകളെ ഇറക്കിക്കൊണ്ട് മുസ്‌ലിംകളെ സഹായിക്കുകയും തന്റെ സഹായം കൊണ്ട് അവരെ ശക്തിപ്പെടുത്തുകയും ചെയ്തു ചെയ്തു.

"നിങ്ങൾ ദുർബലരായിരിക്കെ ബദ്‌റിൽ വെച്ച് അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ നന്ദിയുള്ളവരായേക്കാം. (നബിയേ,) നിങ്ങളുടെ രക്ഷിതാവ് മുവ്വായിരം മലക്കുകളെ ഇറക്കിക്കൊണ്ട് നിങ്ങളെ സഹായിക്കുക എന്നത് നിങ്ങൾക്ക് മതിയാവുകയില്ലേ എന്ന് നീ സത്യവിശ്വാസികളോട് പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക).(പിന്നീട് അല്ലാഹു വാഗ്ദാനം ചെയ്തു:) അതെ, നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും നിങ്ങളുടെ അടുക്കൽ ശത്രുക്കൾ ഈ നിമിഷത്തിൽ തന്നെ വന്നെത്തുകയുമാണെങ്കിൽ നിങ്ങളുടെ രക്ഷിതാവ് പ്രത്യേക അടയാളമുള്ള അയ്യായിരം മലക്കുകൾ മുഖേന നിങ്ങളെ സഹായിക്കുന്നതാണ്. നിങ്ങൾക്കൊരു സന്തോഷവാർത്തയായിക്കൊണ്ടും നിങ്ങളുടെ മനസ്സുകൾ സമാധാനപ്പെടുവാൻ വേണ്ടിയും മാത്രമാണ് അല്ലാഹു പിൻബലം നൽകിയത്. (സാക്ഷാൽ) സഹായം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നുമാത്രമാകുന്നു" (ആലുഇംറാൻ 123-126).

(അൽഅൻഫാൽ 9,10,12 വചനങ്ങളിലും ഇക്കാര്യം പരാമർശിക്കുന്നത് കാണാം).

ഇബ്നു അബ്ബാസിൽ ﵁ നിന്നും നിവേദനം; ബദ്ർ ദിവസം നബി ﷺ പറഞ്ഞു: "ഇതാ ജിബ്‌രീൽ തന്റെ കുതിരയുടെ തലയും (കടിഞ്ഞാൺ) പിടിച്ചു വരുന്നു. അദ്ദേഹത്തിൽ യുദ്ധത്തിന്റെ ഉപകരണങ്ങളുണ്ട്"(ബുഖാരി: 3995).

മലക്കുകൾ ഇറങ്ങി വരുന്നതും സത്യവിശ്വാസികളെ സഹായിക്കുന്നതുമായ രംഗം സുറാഖത്ത് ഇബ്നു മാലികിന്റെ രൂപത്തിൽ വന്ന ഇബ്‌ലീസ് കണ്ടപ്പോൾ അവൻ തിരിഞ്ഞോടുകയുണ്ടായി:

"ഇന്ന് ജനങ്ങളിൽ നിങ്ങളെ തോൽപിക്കാൻ ആരും തന്നെയില്ല. തീർച്ചയായും ഞാൻ നിങ്ങളുടെ സംരക്ഷകനായിരിക്കും എന്ന് പറഞ്ഞ് കൊണ്ട് പിശാച് അവർക്ക് അവരുടെ ചെയ്തികൾ ഭംഗിയായി തോന്നിച്ച സന്ദർഭവും (ഓർക്കുക). അങ്ങനെ ആ രണ്ടു സംഘങ്ങൾ കണ്ടുമുട്ടിയപ്പോൾ എനിക്കു നിങ്ങളുമായി ഒരു ബന്ധവുമില്ല, തീർച്ചയായും നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നുണ്ട്, തീർച്ചയായും ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു, അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനത്രെ എന്ന് പറഞ്ഞുകൊണ്ട് അവൻ (പിശാച്) പിൻമാറിക്കളഞ്ഞു" (അൽഅൻഫാൽ: 48).

നബി ﷺ തന്റെ ടെന്റിൽ ഇരുന്ന് അല്ലാഹുവോട് ആത്മാർഥമായി സഹായത്തിനും വിജയത്തിനും വേണ്ടി പ്രാർഥിച്ചു കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ അബൂബക്‌റിനെ വിളിച്ചുകൊണ്ട് പറഞ്ഞു: 'അല്ലയോ അബൂബക്ർ, സന്തോഷിച്ചുകൊള്ളുക. അല്ലാഹുവിന്റെ സഹായം ഇതാ നിനക്ക് വന്നിരിക്കുന്നു. കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് ജിബ്‌രീലിതാ ഇറങ്ങി വരുന്നു.' അല്ലാഹുവിന്റെ സഹായം വന്നു. അല്ലാഹു തന്റെ സൈന്യമായ മലക്കുകളെ അവൻ ഇറക്കി. തന്റെ പ്രവാചകനെയും വിശ്വാസികളെയും ആ മലക്കുകളിലൂടെ അല്ലാഹു ശക്തിപ്പെടുത്തുകയും ചെയ്തു. നബി ﷺ തന്റെ ടെന്റിൽ നിന്നും പടയങ്കി ധരിച്ചു കൊണ്ട് ഇറങ്ങിവന്നു. നബി ﷺ ഇപ്രകാരം പറയുന്നുണ്ടായിരുന്നു:

"എന്നാൽ വഴിയെ ആ സംഘം തോൽപിക്കപ്പെടുന്നതാണ്. അവർ പിന്തിരിഞ്ഞ് ഓടുകയും ചെയ്യും. തന്നെയുമല്ല, ആ അന്ത്യസമയമാകുന്നു അവർക്കുള്ള നിശ്ചിത സന്ദർഭം. ആ അന്ത്യസമയം ഏറ്റവും ആപൽക്കരവും അത്യന്തം കയ്പേറിയതുമാകുന്നു" (അൽക്വമർ: 45,46).



യുദ്ധക്കളത്തിൽ വെച്ച് നബിﷺ ഒരുപിടി ചരൽ വാരി എടുത്തു. 'മുഖങ്ങൾ നശിക്കട്ടെ' എന്നു പറഞ്ഞുകൊണ്ട് ശത്രുക്കൾക്കു നേരെ അതുകൊണ്ട് എറിഞ്ഞു. ഒരാൾ പോലും ബാക്കിയാകാതെ എല്ലാവരുടെ കണ്ണുകളിലും ആ മണൽ പതിച്ചു. അല്ലാഹു പറയുന്നു:

"(നബിയേ,) നീ എറിഞ്ഞ സമയത്ത് നീ എറിഞ്ഞിട്ടുമില്ല. പക്ഷേ, അല്ലാഹുവാണ് എറിഞ്ഞത്. തന്റെ ഭാഗത്തു നിന്നുള്ള ഗുണകരമായ ഒരു പരീക്ഷണത്തിലൂടെ അല്ലാഹു സത്യവിശ്വാസികളെ പരീക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു അത്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്" (അൽഅൻഫാൽ: 17).

നബിﷺയും സ്വഹാബികളും അതിശക്തമായ പോരാട്ടം നടത്തി മുന്നോട്ടു നീങ്ങി:

"അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാൻമാർ" (അൽഹുജുറാത്ത്: 15).

ഉർവത്ത് ബിൻ സുബൈർ(رضي الله عنه) പറയുന്നു: 'സുബൈറിന്റെ ശരീരത്തിൽ വാളു കൊണ്ടുള്ള മൂന്നു വെട്ടുകൾ ഉണ്ടായിരുന്നു. അതിലൊന്ന് പിരടിയിലായിരുന്നു. എന്റെ വിരൽ പോലും അതിലേക്ക് ഞാൻ പ്രവേശിപ്പിക്കുമായിരുന്നു. രണ്ടു വെട്ടുകൾ ബദ്റിൽ വച്ചും ഒരു വെട്ട് യർമൂക്കിൽ വെച്ചും ഉണ്ടായതാണ്.'

ഇബ്നു മസ്ഊദ്(رضي الله عنه) പറയുന്നു: 'ബദ്ർ യുദ്ധ ദിവസം കുതിരപ്പുറത്തും നടന്നുകൊണ്ടും യുദ്ധം ചെയ്യുന്നതായി സഅദ്ബ്നു അബീവക്വാസിനെ ഞാൻ കണ്ടു'(അഹ്മദ്:1319).

മലക്കുകൾ നേരിട്ട് യുദ്ധം ചെയ്തത് ബദ്റിൽ മാത്രമാണ്. മറ്റു ചില യുദ്ധങ്ങളിൽ മലക്കുകൾ ഇറങ്ങി വന്നിട്ടുണ്ടെങ്കിലും എണ്ണം കൊണ്ടുള്ള ഒരു സഹായം മാത്രമായിരുന്നു അത്. മുസ്‌ലിംകളെ ശക്തിപ്പെടുത്തുവാനും സംരക്ഷിക്കുവാനും അതോടൊപ്പം സത്യനിഷേധികളെ ഭയപ്പെടുത്തുവാൻ വേണ്ടിയുമായിരുന്നു. എന്നാൽ ബദ്റിൽ മലക്കുകൾ നേരിട്ട് യുദ്ധം ചെയ്യുക തന്നെ ചെയ്തു.

"സത്യനിഷേധികളുടെ മുഖങ്ങളിലും പിൻവശങ്ങളിലും അടിച്ചു കൊണ്ട് മലക്കുകൾ അവരെ മരിപ്പിക്കുന്ന സന്ദർഭം നീ കണ്ടിരുന്നുവെങ്കിൽ! (അവർ (മലക്കുകൾ) അവരോട് പറയും:) ജ്വലിക്കുന്ന അഗ്നിയുടെ ശിക്ഷ നിങ്ങൾ ആസ്വദിച്ച് കൊള്ളുക. നിങ്ങളുടെ കൈകൾ മുൻകൂട്ടിചെയ്തുവെച്ചത് നിമിത്തമത്രെ അത്. അല്ലാഹു അടിമകളോട്

സ്വഹാബികളെ യുദ്ധത്തിന് പ്രേരിപ്പിക്കുകയും അവർക്ക് ആവേശം പകരുകയും മലക്കുകളുടെ വരവിനെക്കുറിച്ചുള്ള സന്തോഷവാർത്ത അറിയിക്കുകയും സ്വർഗത്തെക്കുറിച്ചുള്ള സന്തോഷ വാർത്ത നൽകുകയും ചെയ്തു. ആദ്യം ആയിരം മലക്കുകളെയും ശേഷം 3000 മലക്കുകളെയും അതിനു ശേഷം 5000 മലക്കുകളെയുമാണ് അല്ലാഹു ഇറക്കിയത്. കുഫ്റിന്റെ ആളുകളെ നശിപ്പിക്കുവാൻ ഒരു മലക്ക് മാത്രം മതിയായതാണ്. പക്ഷേ, അല്ലാഹുവിന്റെ മാർഗത്തിൽ ഇറങ്ങിത്തിരിച്ച, ഹൃദയം കൊണ്ടും ശരീരം കൊണ്ടും ശത്രുക്കളെ നേരിടാൻ വിശ്വാസികൾ കാണിച്ച ഈമാനിക ശക്തിയുടെ കാര്യത്തിലുള്ള അല്ലാഹുവിന്റെ സന്തോഷവുമായിരുന്നു ഇത്. ഇക്കാര്യം അല്ലാഹു ക്വുർആനിലൂടെ പഠിപ്പിച്ചിട്ടുമുണ്ട്:

നിങ്ങൾക്കൊരു സന്തോഷവാർത്തയായിക്കൊണ്ടും നിങ്ങളുടെ മനസ്സുകൾ സമാധാനപ്പെടുവാൻ വേണ്ടിയും മാത്രമാണ് അല്ലാഹു പിൻബലം നൽകിയത്. (സാക്ഷാൽ) സഹായം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നുമാത്രമാകുന്നു" (ആലു ഇംറാൻ: 126)

**ബദ്ർ യുദ്ധവേളയിൽ നബിﷺ സ്വഹാബികളെ യുദ്ധത്തിന് പ്രേരിപ്പിക്കുകയും അവർക്ക് ആവേശം പകരുകയും മലക്കുകളുടെ വരവിനെക്കുറിച്ചുള്ള സന്തോഷവാർത്ത അറിയിക്കുകയും സ്വർഗത്തെക്കുറിച്ചുള്ള സന്തോഷ വാർത്ത നൽകുകയും ചെയ്തു. ആദ്യം ആയിരം മലക്കുകളെയും ശേഷം 3000 മലക്കുകളെയും അതിനു ശേഷം 5000 മലക്കുകളെയുമാണ് അല്ലാഹു ഇറക്കിയത്. കുഫ്റിന്റെ ആളുകളെ നശിപ്പിക്കുവാൻ ഒരു മലക്ക് മാത്രം മതിയായതാണ്. പക്ഷേ, അല്ലാഹുവിന്റെ മാർഗത്തിൽ ഇറങ്ങിത്തിരിച്ച, ഹൃദയം കൊണ്ടും ശരീരം കൊണ്ടും ശത്രുക്കളെ നേരിടാൻ വിശ്വാസികൾ കാണിച്ച ഈമാനിക ശക്തിയുടെ കാര്യത്തിലുള്ള അല്ലാഹുവിന്റെ സന്തോഷവുമായിരുന്നു ഇത്. ഇക്കാര്യം അല്ലാഹു ക്വുർആനിലൂടെ പഠിപ്പിച്ചിട്ടുമുണ്ട്:**

ഒട്ടും അനീതി കാണിക്കുന്നവനല്ല എന്നതിനാലും" (അൽഅൻഫാൽ: 50,51)

റഫാഅ ﷺ പറയുന്നു: "ജിബ്‌രീൽ ഒരിക്കൽ നബി ﷺ യുടെ അടുക്കലേക്ക് വന്നു കൊണ്ട് ചോദിച്ചു: 'മുസ്‌ലിംകളിൽ ഏറ്റവും ശ്രേഷ്ഠർ ആരാണ്?' (അല്ലെങ്കിൽ തത്തുല്യമായ ഒരു വാക്ക് ഉപയോഗിച്ച് ചോദിച്ചു). നബി ﷺ പറഞ്ഞു: 'ബദ്‌റിൽ പങ്കെടുത്തവർ.' ജിബ്‌രീൽ പറഞ്ഞു: 'അപ്രകാരം തന്നെ മലക്കുകളുടെ കൂട്ടത്തിലും ഏറ്റവും ശ്രേഷ്ഠതയുള്ളവർ ബദ്‌റിൽ പങ്കെടുത്ത മലക്കുകളാണ്.'

ശത്രുസൈന്യം ഛിന്നഭിന്നമായി. കഴുത്തുകൾ മുറിഞ്ഞുവീണു. മുസ്‌ലിംകൾ ശത്രുപക്ഷത്തെ കൊലപ്പെടുത്തിക്കൊണ്ടും ബന്ദികളാക്കിക്കൊണ്ടും മുന്നോട്ടുനീങ്ങിക്കൊണ്ടിരുന്നു. സാമ്പത്തികമായും ശാരീരികമായും തീരാനഷ്ടമാണ് ബദ്‌റിൽ ക്വുറൈശികൾക്ക് സംഭവിച്ചത്. വലിയ ഒരു അളവിൽ സമ്പത്ത് യുദ്ധാർജിത സ്വത്തായി മുസ്‌ലിംകൾക്ക് ലഭിച്ചു. മുശ്‌രിക്കുകളിൽ നിന്ന് 70 പേർ കൊല്ലപ്പെടുകയും 70 പേർ ബന്ദികളാക്കപ്പെടുകയും ചെയ്തു എന്നാണ് ബുഖാരിയുടെ ഹദീഥിൽ (3986) കാണുവാൻ സാധിക്കുന്നത്.

ബദ്‌റിൽ വെച്ച് അല്ലാഹു ഇസ്‌ലാമിന്റെ ശത്രുക്കളെ പിടികൂടുകയായിരുന്നു. അവർ ചെയ്ത മുൻ പ്രവർത്തനങ്ങൾക്കുള്ള പ്രതികാര നടപടിയായിരുന്നു സത്യത്തിൽ ബദർ.

"ഏറ്റവും വലിയ പിടുത്തം നാം പിടിക്കുന്ന ദിവസം തീർച്ചയായും നാം ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്" (അദ്ദുഖാൻ:16).

ക്വുറൈശികളിൽ നിന്നും കൊല്ലപ്പെട്ട പ്രധാനികളുടെ പേരുകൾ കാണുക: 'ഉത്ബത് ഇബ്നു റബീഅ, ശൈബത് ഇബ്നു റബീഅ, വലീദ്ബ്നു ഉത്ബ, അബൂജഹൽ ഇബ്നു ഹിശാം, ഉമയ്യത് ഇബ്നു ഖലഫ്, അബുൽ ബുഖ്തരി ഇബ്നു ഹിശാം, ഉബൈദ ഇബ്നു സഈദ് ഇബ്നുൽ ആസ്, അസ്‌വദ് ഇബ്നു അബ്ദുൽ അസദ്.'

ക്വുറൈശികളിൽ നിന്നും അധികം ആളുകളെ കൊല്ലുന്നതിൽ നിന്നും നബി ﷺ വിലക്കുകയുണ്ടായി. നബി ﷺ ഇപ്രകാരം പറഞ്ഞു: 'ബനൂ ഹാശിമിൽ നിന്നും ഒരുപാട് ആളുകൾ നിർബന്ധത്താൽ ബദ്‌റിലേക്ക് വന്നിട്ടുണ്ട്. അവർക്ക് നമ്മളോട് യുദ്ധം ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല. അതുകൊണ്ട് യുദ്ധക്കളത്തിൽ അത്തരക്കാരെ കണ്ടുമുട്ടിയാൽ നിങ്ങൾ അവരെ കൊല്ലരുത്'. അബ്ബാസ് ഇബ്നു അബ്ദുൽ മുത്ത്വലിബ് അക്കൂട്ടത്തിൽ പെട്ട ആളായിരുന്നു(ഹാകിം).

ക്വുറൈശികൾ യുദ്ധക്കളത്തിൽ നിന്നും പിന്തിരിഞ്ഞോടി. താഴ്‌വരകളിലും മലയിടുക്കുകളിലും ആയി അവർ ചിന്നിച്ചിതറി. ഭയപ്പാടോടുകൂടി മക്ക ലക്ഷ്യം വെച്ച് അവർ ഓടി. അപമാനഭാരത്താൽ മക്കയിലേക്ക് എങ്ങനെ പ്രവേശിക്കും എന്ന് പോലും അവർക്ക് അറിയുമായിരുന്നില്ല.

"അവർ അല്ലാഹുവോടും അവന്റെ ദൂതനോടും എതിർത്തു നിന്നതിന്റെ ഫലമത്രെ അത്. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും എതിർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്. അതാ അതു നിങ്ങൾ ആസ്വദിച്ചുകൊള്ളുക. സത്യനിഷേധികൾക്ക് തന്നെയാണ് നരകശിക്ഷ എന്ന് (മനസ്സിലാക്കുകയും ചെയ്യുക)" (അൽ അൻഫാൽ: 13,14).

ഏതാണ്ട് ഉച്ചയോടെത്തന്നെ ബദ്‌റിന്റ മൈതാനം ക്വുറൈശീ കുഫ്ഫാറുകളിൽ നിന്നും മുക്തമായി. കൊല്ലപ്പെടുകയോ ബന്ദികളാക്കപ്പെടുകയോ ചെയ്യാത്ത മുശ്‌രിക്കുകൾ നിന്ദ്യതയോടെ, അപമാനത്തോടെ മക്കയിലേക്ക് തിരിച്ചുപോയി.

"നിങ്ങൾ ദുർബലരായിരിക്കെ ബദ്‌റിൽ വെച്ച് അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ നന്ദിയുള്ളവരായേക്കാം" (ആലുഇംറാൻ: 123).

14 പേരാണ് ബദ്ർ യുദ്ധത്തിൽ മുസ്‌ലിംകളിൽ നിന്നും രക്തസാക്ഷികളായത്. ആറ് മുഹാജിറുകളും എട്ട് അൻസ്വാറുകളും ആയിരുന്നു അവർ. ബദ്‌റിന്റെ മൈതാനത്തിൽ അവർ മരിച്ചു വീണ സ്ഥലങ്ങളിൽ തന്നെ അവരെ മറമാടുകയും ചെയ്തു.

"അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ച് പോയവരായി നീ ഗണിക്കരുത്. എന്നാൽ അവർ അവരുടെ രക്ഷിതാവിന്റെ അടുക്കൽ ജീവിച്ചിരിക്കുന്നവരാണ്. അവർക്ക് ഉപജീവനം നൽകപ്പെട്ടിരിക്കുന്നു. അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്കു നൽകിയതുകൊണ്ട് അവർ സന്തുഷ്ടരായിരിക്കും. തങ്ങളോടൊപ്പം വന്നു ചേർന്നിട്ടില്ലാത്ത, തങ്ങളുടെ പിന്നിൽ (ഇഹലോകത്ത്) കഴിയുന്ന വിശ്വാസികളെപ്പറ്റി, അവർക്ക് യാതൊന്നും ഭയപ്പെടുവാനോ ദുഃഖിക്കാനോ ഇല്ലെന്നോർത്ത് അവർ (ആ രക്തസാക്ഷികൾ) സന്തോഷമടയുന്നു" (ആലുഇംറാൻ: 169,170). ●



കവർ സ്റ്റോറി

മുഹമ്മദ് സ്വാദിഖ് മദീനി
mail@nerpatham.com

# ശൈശവ വിവാഹം ഇസ്‌ലാമിന്റെ സംഭാവനയോ?

**ഇസ്‌ലാമിനെതിരെയുള്ള വിമർശനങ്ങളിൽ എക്കാലത്തും മുൻപന്തിയിൽ നിൽക്കുന്ന വിഷയമാണ് ശൈശവ വിവാഹം. ആയിശ(റ)യുമായുള്ള പ്രവാചകൻ(ﷺ)യുടെ വിവാഹം ഇതിന് തെളിവായി വിമർശകർ ഉന്നയിക്കാറുമുണ്ട്. യഥാർഥത്തിൽ എന്താണ് ശൈശവ വിവാഹം? ഇസ്‌ലാമാണോ ഇത് ലോകത്തിന് സംഭാവന ചെയ്തത്? ഏറ്റവും കൂടുതൽ ശൈശവവിവാഹം നടക്കുന്നത് എവിടെയാണ്? കണക്കുകൾ നിരത്തിയുള്ള സമർഥനം.**

ഇസ്‌ലാമിന്റെ അജയ്യതയും ജനമനസ്സുകളിൽ അതിന് ലഭിച്ചുകൊണ്ടിരിക്കുന്ന സ്വീകാര്യതയും വിമർശകരെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. അത്കൊണ്ടുതന്നെ പലതരത്തിലുള്ള ദുരാരോപണങ്ങൾ ഉന്നയിച്ച് ഇസ്‌ലാമിനെ ഇകഴ്ത്തിക്കാണിക്കുവാൻ ഇവർ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ഇങ്ങനെയുള്ള ദുരാരോപണങ്ങളിൽ ഒന്നാണ് 'ഇസ്‌ലാം ശൈശവ വിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നു' എന്നത്. വിവാഹത്തെ കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾ എന്തെന്ന് കൃത്യമായി മനസ്സിലാക്കാത്തതും ചില മുസ്‌ലിം നാമധാരികളുടെ അപക്വമായ പ്രവർത്തനങ്ങളും വ്യക്തമായ മതവിരോധവും മാത്രമാണ് ഈ ആരോപണത്തിന്റെ പിന്നിൽ ഉള്ളത്. ആരോപണങ്ങൾ പടച്ചുണ്ടാക്കുകയും തുടർന്ന് അത് മതത്തിന്റെ പേരിൽ കെട്ടിവെക്കുകയും എന്നിട്ട് അതിനെ വിമർശിക്കുകയുമാണ് ഇവർ ചെയ്

തുകൊണ്ടിരിക്കുന്നത്. വിവാഹത്തെ കുറിച്ചുള്ള ഇസ്‌ലാമിക അടിസ്ഥാന പാഠങ്ങൾ അറിയാൻ ശ്രമിക്കുന്നവർക്ക് ഇസ്‌ലാമിക നിയമങ്ങളുടെ അജയ്യതയും ദൈവികതയും ബോധ്യമാകുമെന്നതിൽ സംശയമില്ല. ശൈശവ വിവാഹത്തെ സംബന്ധിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാട് എന്താണെന്ന് വ്യക്തമാക്കുവാനും ആരോപകരുടെ പൊള്ളത്തരങ്ങൾ തുറന്ന് കാണിക്കുവാനുമാണ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്.

### ശൈശവ വിവാഹം

മനുഷ്യ ജീവിതചക്രം; ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർധക്യം എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു. അഞ്ച് വയസ്സ് വരെയുള്ള കാലഘട്ടമാണ് ശൈശവം. സ്വാഭാവികമായും ശൈശവ വിവാഹം എന്ന് പറയുമ്പോൾ വിവാഹിതരാകുന്ന വധൂവരന്മാർക്ക് അഞ്ചോ അതിൽ താഴെയോ പ്രായമാണ് ഉണ്ടായിരിക്കേണ്ടത്. അപ്പോൾ മാത്രമെ 'ശൈശവ വിവാഹം' എന്ന പ്രയോഗം ഭാഷാപരമായി അന്വർഥമാവുകയുള്ളൂ.

എന്നാൽ വിമർശകർ ഇസ്‌ലാം ശൈശവ വിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നു എന്ന് പെരുമ്പറമുഴക്കുമ്പോൾ അവർപോലും ഈ പ്രായപരിധിയല്ല അതുകൊണ്ട് ഉദ്ദേശിക്കാറുള്ളത്. മറിച്ച് ആ പ്രായപരിധി ഓരോ നാട്ടിലും വ്യത്യസ്തമാണ്. പുരുഷന്നും സ്ത്രീക്കും പ്രായപരിധി നിശ്ചയിക്കുമ്പോഴും അളവുകോലുകൾ വ്യത്യസ്തമാണ്. നമ്മടെ നാട്ടിലെ നിലവിലുള്ള നിയമമനുസരിച്ച് പ്രായപൂർത്തി എത്തുന്നതിന് മുമ്പുള്ള വിവാഹത്തെയാണ് ശൈശവ വിവാഹം എന്ന് പറയപ്പെടുന്നത്. എങ്കിൽ എന്ത് കൊണ്ട് ഇത്തരം വിവാഹങ്ങളെ ബാലവിവാഹമെന്നോ കൗമാരവിവാഹമെന്നോ യൗവന വിവാഹമെന്നോ പറയുന്നില്ല? ശൈശവ വിവാഹം എന്ന ഓമനപ്പേരിൽ വിമർശകർ ഉന്നയിക്കുന്ന മിക്ക വിവാഹങ്ങളും നടക്കുന്നത് യൗവന വിവാഹങ്ങളാണ്. (യൗവനം 16നും 40നും മധ്യെ). എന്നിട്ടും അതിനെ 'യൗവന വിവാഹം' എന്ന് പറയാതെ 'ശൈശവ വിവാഹം' എന്ന് വിശേഷിപ്പിക്കുന്നത് ഭാഷയോട് കാണിക്കുന്ന അനീതിയാണ്. ഇത് ഇസ്‌ലാമിന്റെ സംഭാവനയാണ് എന്ന് പ്രചരിപ്പിക്കുന്നതാകട്ടെ ഇസ്‌ലാമിനെ പൊതുസമൂഹത്തിൽ തെറ്റിദ്ധരിപ്പിക്കുവാനുള്ള കുത്സിത ശ്രമത്തിന്റെ ഭാഗവുമാണ്.

### എന്താണ് പ്രായപൂർത്തി?

പ്രായപൂർത്തി എത്തുന്നതിന് മുമ്പ് നടത്തപ്പെടുന്ന വിവാഹത്തെയാണ് ശൈശവ വിവാഹമെന്ന് നിർവചിക്കുന്നതെങ്കിൽ തീർച്ചയായും എന്താണ് പ്രായപൂർത്തി എന്ന് വ്യക്തമാക്കേണ്ടതുണ്ട്. രാജ്യാതിർത്തികൾ മാറുമ്പോൾ മാറിമറിയേണ്ട ഒന്നാകരുത് ഹോമാസാപ്പിയൻസിന്റെ പ്രായപൂർത്തി.

ആരാധനകൾ, ശിക്ഷാ സമ്പ്രദായങ്ങൾ എന്നിങ്ങനെ നിരവധി കാര്യങ്ങൾ നിശ്ചയിക്കുന്നതിന് പ്രായപൂർത്തിക്ക് വലിയ സ്ഥാനമുണ്ട് എന്നതിനാൽ ദൈവിക മതമായ ഇസ്‌ലാം കൃത്യമായും പ്രായപൂർത്തി എന്ത് എന്ന് വ്യക്തമാക്കുന്നു. സ്ഖലനം, ആർത്തവം എന്നിവ തുടങ്ങുക, ഗുഹ്യാവയവത്തിന് ചുറ്റും കട്ടിയുള്ള രോമം പ്രത്യക്ഷപ്പെടുക, അല്ലെങ്കിൽ പതിനഞ്ച് വയസ്സ് പൂർത്തിയാകുക എന്നീ അടയാളങ്ങളിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അത് പ്രായപൂർത്തിയായി പരിഗണിക്കപ്പെടും. സ്ഥലവും കാലവും മാറുന്നതിനനുസരിച്ച് പ്രായ പൂർത്തി നിർണയിക്കുന്നതിൽ ദൈവിക മതത്തിന് മാറ്റത്തിരുത്തലുകൾ നടത്തേണ്ടി വന്നിട്ടില്ല. പ്രായപൂർത്തിയെ നിശ്ചിത വയസ്സിനുള്ളിൽ ക്ലിപ്തപ്പെടുത്തുവാൻ കഴിയില്ല എന്നതിന് വ്യക്തമായ രേഖയാണ് ജനാധിപത്യ രാജ്യങ്ങളിൽ വോട്ടവകാശം വിനിയോഗിക്കുവാൻ ഏകോപിതമായ ഒരു പ്രായം നിർണയിക്കുവാൻ ആർക്കും സാധിക്കുന്നില്ല എന്ന കാര്യം. വോട്ടവകാശത്തിന് പ്രായപൂർത്തി ആകണമെങ്കിലും അതിന് കൃത്യമായ ഒരു അളവുകോൽ നിലനിർത്താൻ രാജ്യങ്ങൾക്ക് സാധിക്കുന്നില്ല. ഇന്ത്യയിൽ മുമ്പ് 21

**മനുഷ്യ ജീവിതചക്രം; ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർധക്യം എന്നിങ്ങനെ വിവിധഘട്ടങ്ങളിലൂടെ കടന്നുപോകുന്നു. അഞ്ച് വയസ്സ് വരെയുള്ള കാലഘട്ടമാണ് ശൈശവം. സ്വാഭാവികമായും ശൈശവ വിവാഹം എന്ന് പറയുമ്പോൾ വിവാഹിതരാകുന്ന വധൂവരന്മാർക്ക് അഞ്ചോ അതിൽ താഴെയോ പ്രായമാണ് ഉണ്ടായിരിക്കേണ്ടത്. അപ്പോൾ മാത്രമെ 'ശൈശവ വിവാഹം' എന്ന പ്രയോഗം ഭാഷാപരമായി അന്വർഥമാവുകയുള്ളൂ. എന്നാൽ വിമർശകർ ഈ പ്രായപരിധിയല്ല അതുകൊണ്ട് ഉദ്ദേശിക്കാറുള്ളത്. മറിച്ച് ആ പ്രായപരിധി ഓരോ നാട്ടിലും വ്യത്യസ്തമാണ്. പുരുഷന്നും സ്ത്രീക്കും പ്രായപരിധി നിശ്ചയിക്കുമ്പോൾ അതിന്റെ അളവുകോൽ വ്യത്യസ്തമാണ്. നമ്മുടെ നാട്ടിലെ നിലവിലുള്ള നിയമമനുസരിച്ച് പ്രായപൂർത്തി എത്തുന്നതിന് മുമ്പുള്ള വിവാഹത്തെയാണ് ശൈശവ വിവാഹം എന്ന് പറയപ്പെടുന്നത്.**

വയസ്സ് ഉള്ളവർക്കേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. ഈ പ്രായപൂർത്തി വോട്ടവകാശം പിന്നീട് 18 വയസ്സിലേക്ക് ചുരുക്കി. ഇക്വഡോറിൽ 16, അമേരിക്ക 17,18, ജപ്പാൻ 20, കുവൈത്ത്, ഫിജി, സിങ്കപ്പൂർ 21 എന്നീ പ്രായപരിധിയാണ് വോട്ടവകാശം ലഭിക്കുവാനായി നിശ്ചയിച്ചിട്ടുള്ളത്.

പ്രായപൂർത്തി ആയ ശേഷമെ വിവാഹം കഴിക്കാവൂ എന്ന് പ്രസ്താവിക്കുന്നവർ തന്നെയും പ്രായപരിധിയിൽ ഭിന്നിക്കുന്നു! ഭൂരിഭാഗം രാജ്യങ്ങളിലും പെൺകുട്ടികളുടെ പ്രായ പരിധി 16 വയസ്സാണ്. 110 രാജ്യങ്ങളിൽ പ്രായപരിധി പതിനാറോ അതിൽ താഴയോ ആണ്. ഇന്ത്യ ഉൾപ്പെടെ 19 രാജ്യങ്ങളിൽ മാത്രമാണ് പെൺകുട്ടികളുടെ വിവാഹത്തിനുള്ള പരിധി 18 വയസ്സായി നിശ്ചയിച്ചിട്ടുള്ളത്. പെൺകുട്ടികൾക്ക് 14 വയസ്സ് പ്രായപരിധി നിശ്ചയിച്ച രാജ്യങ്ങളാണ് അഫ്ഗാനിസ്ഥാൻ, പരാഗ്വെ തുടങ്ങിയവ. വെനിസേല, മഡഗാസ്കർ, മെക്സികോ, ന്യൂയോർക്ക്, ഇറാൻ, ഇറാഖ്, മാലിദീപ്, ജോർദാൻ, എസ്തോണിയ, ജോർജിയ, യൂ.എസ് ലെ ഹവാലി, മിസിസിപ്പി മിസനരി എന്നിവിടങ്ങളിലും അവരുടെ പ്രായപരിധി 15 ആണ്. അമേരിക്കയിലെ പല സ്റ്റേറ്റുകളിലും പല വ്യവസ്ഥകളാണ് ഉള്ളത്.

പാകിസ്ഥാൻ, ആസ്ത്രേലിയ, ബെൽജിയം, ജർമനി, ഇറ്റലി, പോളണ്ട്, സ്പെയിൻ, ന്യൂസിലന്റ്, സ്കോട്ലാന്റ്, അർജന്റീന, സൊമാലിയ, തുർക്കി, യൂ.കെ, തയ് വാൻ തുടങ്ങിയ എഴുപത്തി അഞ്ചോളം രാജ്യങ്ങളിലും യൂ.എസ് ലെ വാഷിംഗ്ടൺ, ഒഹിയോ തുടങ്ങിയ സംസ്ഥാനങ്ങളിലും പെൺകുട്ടികളുടെ വിവാഹ പ്രായപരിധി 16 വയസ്സാണ്. മിക്ക രാജ്യങ്ങളിലും ആൺകുട്ടികളുടെ പ്രായപരിധി 18 ആണ്. ജോർദാൻ, പരാഗ്വെ, സൈപ്രസ്സ്, സ്കോട്ട്ലന്റ് തുടങ്ങിയ രാജ്യങ്ങളിൽ ആൺകുട്ടികളുടെ വിവാഹ പ്രായപരിധി 16 വയസ്സാണ്.

18 തികയുന്നതിന്റെ രണ്ട് ദിവസം മുമ്പ് വിവാഹം കഴിഞ്ഞാൽ അത് ശൈശവവിവാഹവും നിയമ വിരുദ്ധവുമായി മാറുമ്പോൾ 15ലും 16ലും വിവാഹം കഴിക്കുന്നതിനെ നിയമപരമായി അംഗീകരിക്കുന്ന രാജ്യങ്ങളും ലോകത്ത്  നിലനിൽക്കുന്നു എന്നത് പ്രായപൂർത്തി നിശ്ചയിക്കുന്നതിലും വിവാഹപ്രായം നിശ്ചയിക്കുന്നതിലും മനുഷ്യന്റെ അളവുകോൽ തീർത്തും അപര്യാപ്തമാണ് എന്നാണ് അറിയിക്കുന്നത്.

ഇന്ത്യയിൽ ഒരു കുറ്റവാളിയെ നിയമത്തിന് മുമ്പിൽ കൊണ്ടുവരണമെങ്കിൽ അയാൾക്ക് 18 വയസ്സ് ആയിരിക്കണമെന്നാണ് നിയമം. അതിന് താഴെയുള്ളവർ എത്ര കഠിനമായ കുറ്റം ചെയ്താലും  അർഹമായ ശിക്ഷ ലഭിക്കില്ല. ഈ നിയമം പുനഃപരിശോധിക്കേണ്ടതാണ് എന്ന് പ്രമാദമായ ഡൽഹി കൂട്ടമാനഭംഗത്തിന് ശേഷം മുറവിളിയുയർന്നത് നാം കേട്ടതാണ്. ആ കേസിലെ ഒരു പ്രതി പതിനെട്ടു വയസ്സ് തികയാത്തവനായിരുന്നു. ഈ കാര്യത്തിൽ എട്ട് ഹരജികൾ സുപ്രീം കോടതി നിരാകരിച്ചു. പ്രായപൂർത്തി നിർണയിക്കുന്നതിന് പ്രായം മാത്രം പരിഗണിച്ചാൽ പോരാ എന്നും മാനസികവും ബൗദ്ധികവുമായ ശേഷി കൂടി പരിഗണിച്ച് നിയമ ഭേദഗതി വരുത്തണമെന്നും ആവശ്യപ്പെട്ട് സുബ്രഹ്മണ്യ സ്വാമി സുപ്രീം കോടതിയിൽ ഒരു ഹരജി ഫയൽചെയ്യുകയുണ്ടായി.

ദേശീയ ക്രൈം റികോർഡ്സ് ബ്യൂറോ(എൻ.സി.ആർ.ബി)യുടെ ഇന്ത്യയിലെ കുറ്റകൃത്യങ്ങൾ 2001-2012



**ഇന്ത്യയിൽ ഒരു കുറ്റവാളിയെ നിയമത്തിന് മുമ്പിൽ കൊണ്ടുവന്ന് ശിക്ഷവാങ്ങിക്കൊടുക്കണമെങ്കിൽ അയാൾക്ക് 18 വയസ്സ് ആയിരിക്കണമെന്നാണ് നിയമം. അതിന് താഴെയുള്ളവർ എത്ര കഠിനമായ കുറ്റം ചെയ്താലും അർഹമായ ശിക്ഷലഭിക്കില്ല. ദേശീയ ക്രൈം റികോർഡ്സ് ബ്യൂറോ (എൻ.സി.ആർ.ബി)യുടെ ഇന്ത്യയിലെ കുറ്റകൃത്യങ്ങൾ 2001-2012 പരിശോധിച്ചാൽ ഈ കാലയളവിൽ പ്രായപൂർത്തി ആകാത്തവർ ചെയ്ത കുറ്റകൃത്യങ്ങളുടെ അളവ് മനസ്സിലാക്കാം. 2001ൽ ജുവനൈലുകൾ പ്രതികളായി 399 ബലാത്സംഗ കേസുകൾ രജിസ്റ്റർ ചെയ്തപ്പോൾ 2010ൽ അത് 858 കേസുകളായി വർധിച്ചു. 2012ൽ പുറത്തിറങ്ങിയ രേഖകൾ പ്രകാരം 2011ൽ അത് 1149 ആയി വർധിച്ചു.**

**നിയമ പ്രകാരമുള്ള വിവാഹങ്ങൾക്ക് മാത്രമാണ് ഇന്ത്യൻ നിയമ വ്യവസ്ഥ പ്രകാരം പുരുഷന് 21 വയസ്സും സ്ത്രീക്ക് 18 വയസ്സും ആവശ്യമായി വരുന്നത്. എന്നാൽ വിവാഹേതര ലൈംഗിക ബന്ധങ്ങൾക്ക് ഇത്തരം നിയമക്കുരുക്കുകൾ ഇല്ലെന്നത് ശ്രദ്ധേയമാണ്! പരസ്പര സമ്മത പ്രകാരമാണെങ്കിൽ പുരുഷന് 21 വയസ്സ് ആകേണ്ടതില്ലെന്നാണ് സുപ്രീം കോടതിവിധി. വിവാഹത്തിന് നിശ്ചിത പ്രായപരിധി നിയമവും എന്നാൽ വ്യഭിചാരത്തിന് ആ പ്രായപരിധിനിശ്ചയിക്കൽ നിയമ വിരുദ്ധവുമാകുന്നതിലെ യുക്തി നമുക്ക് പിടികിട്ടുന്നില്ല. പ്രായപൂർത്തിയാകാത്ത സമയത്തെ വിവാഹത്തിലൂടെ സ്ത്രീ വഞ്ചിക്കപ്പെടാനും അവളുടെ ചാപല്യം ചൂഷണംചെയ്യപ്പെടാനും ഇടയാകുമെന്നാണ് വാദമെങ്കിൽ പ്രായപൂർത്തിയായി എന്നത് വഞ്ചിക്കപ്പെടാൻ ഒരു തടസ്സമല്ല എന്നാണ് ദൈനംദിന സംഭവവികാസങ്ങൾ വിളിച്ചോതുന്നത്.**

പരിശോധിച്ചാൽ ഈ കാലയളവിൽ പ്രായപൂർത്തി ആകാത്തവർ ചെയ്ത കുറ്റകൃത്യങ്ങളുടെ അളവ് മനസ്സിലാക്കാം. 2001ൽ ജുവനൈലുകൾ പ്രതികളായി 399 ബലാത്സംഗ കേസുകൾ രജിസ്റ്റർ ചെയ്തപ്പോൾ 2010ൽ അത് 858 കേസുകളായി വർധിച്ചു. 2012ൽ പുറത്തിറങ്ങിയ രേഖകൾ പ്രകാരം 2011ൽ അത് 1149 ആയി വർധിച്ചു.

നിയമ പ്രകാരമുള്ള വിവാഹങ്ങൾക്ക് മാത്രമാണ് ഇന്ത്യൻ നിയമ വ്യവസ്ഥ പ്രകാരം പുരുഷന് 21 വയസ്സും സ്ത്രീക്ക് 18 വയസ്സും ആവശ്യമായിവരുന്നത്. എന്നാൽ വിവാഹേതര ലൈംഗിക ബന്ധങ്ങൾക്ക് ഇത്തരം നിയമക്കുരുക്കുകൾ ഇല്ലെന്നത് ശ്രദ്ധേയമാണ്! പരസ്പര സമ്മത പ്രകാരമാണെങ്കിൽ പുരുഷന് 21 വയസ്സ് ആകേണ്ടതില്ലെന്നാണ് സുപ്രീം കോടതിവിധി. വിവാഹത്തിന് നിശ്ചിത പ്രായപരിധി നിയമവും എന്നാൽ വ്യഭിചാരത്തിന് ആ പ്രായപരിധിനിശ്ചയിക്കൽ നിയമ വിരുദ്ധവുമാകുന്നതിലെ യുക്തി നമുക്ക് പിടികിട്ടുന്നില്ല.

പ്രായപൂർത്തിയാകാത്ത സമയത്തെ വിവാഹത്തിലൂടെ സ്ത്രീ വഞ്ചിക്കപ്പെടാനും അവളുടെ ചാപല്യം ചൂഷണം ചെയ്യപ്പെടാനും ഇടയാകുമെന്നാണ് വാദമെങ്കിൽ പ്രായപൂർത്തിയായി എന്നത് വഞ്ചിക്കപ്പെടാൻ ഒരു തടസ്സമല്ല എന്നാണ് ദൈനംദിന സംഭവവികാസങ്ങൾ വിളിച്ചോതുന്നത്. മൂന്നും നാലും മക്കളുള്ള വീട്ടമ്മമാർ പോലും ഓൺലൈൻ പ്രണയത്തിൽ അകപ്പെട്ട് ഒളിച്ചോടിപ്പോകുന്നതും വഞ്ചിക്കപ്പെട്ട് പെരുവഴിലാകുന്നതും ഇന്ന് നിത്യസംഭവങ്ങളാണ്. സ്ത്രീക്ക് പക്വതയും പാകതയും എത്തുക എന്നതാണ് പതിനെട്ട് വയസ്സ് നിശ്ചയിച്ചതിലൂടെ ലക്ഷ്യമാക്കുന്നതെങ്കിൽ 18 വയസ്സിന് മുമ്പ് തന്നെ പക്വത കാണിക്കുന്ന, തന്റേടവും മനോധൈര്യവുമുള്ള സ്ത്രീകൾക്ക് നിയമ പ്രകാരം വിവാഹം കഴിക്കാൻ അനുവാദം നൽകേണ്ടതല്ലേ?

ഇസ്‌ലാം ശിശുക്കളെ വിവാഹം കഴിക്കുവാൻ കൽപിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നു എന്ന രൂപത്തിലാണ് ഇസ്‌ലാം വിമർശകർ പ്രചരിപ്പിക്കാറുള്ളത്. ഇസ്‌ലാം മനുഷ്യമസ്തിഷ്‌കത്തിൽ ഉരുത്തിരിഞ്ഞ ആശയമല്ല എന്നതിനും അത് ദൈവികമാണ് എന്നതിനും വ്യക്തമായ തെളിവാണ് വിവാഹ വിഷയത്തിലെ ഇസ്‌ലാമിന്റെ നിലപാട്. നിശ്ചിത പ്രായഗണനയല്ല, പക്വതയും പാകതയുമാണ് അതിന്റെ പരിധി എന്നാണ് ഇസ്‌ലാം അറിയിക്കുന്നത്. ലോകത്തെ വിവിധ രാജ്യങ്ങളിൽ വ്യത്യസ്ത പ്രായമാണ് പ്രായപൂർത്തിയുടെ അഥവാ വിവാഹത്തിന്റെ അളവുകോലായി നിശ്ചയിച്ചിരിക്കുന്നത് എന്നത് സലക്ഷ്യം മുമ്പ് വിശദമാക്കിയത് ഓർക്കുക.

ശൈശവവിവാഹം ലോകത്ത് പണ്ടുമുതലേ നിലനിന്നിരുന്നുവെന്നും അത് മുസ്‌ലിംകളുടെ സംഭാവനയല്ല എന്നും ചരിത്രം പഠിക്കുന്നവർക്ക് ബോധ്യമാകും. ഗാന്ധിജി ക്സതൂർഭായെ കല്ല്യാണം കഴിക്കുമ്പോൾ അവർക്ക് കളിപ്പാട്ടങ്ങളുമായി നടക്കുന്ന പ്രായമായിരുന്നുവത്രെ. ഗുജറാത്ത് അടക്കമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടക്കുന്ന വിവാഹങ്ങളിൽ 40%വും ബാല്യകാല വിവാഹങ്ങളാണ്. മലപ്പുറം ജില്ലയിൽ പതിനെട്ട് വയസ്സ് ആകുന്നതിന് മുമ്പ് നടക്കുന്ന വിവാഹങ്ങളിൽ ഗണ്യമായ കുറവ് വന്നിരിക്കുന്നു എന്നാണ് ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്പ്‌മെന്റ് സർവീസ് 2012 ലെ വാർഷിക സർവേയിൽ പറയുന്നത്.

ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ നടക്കുന്ന വിവാഹങ്ങളിൽ 47-56% വും ശൈശവവിവാഹമാണത്രെ. ഇതിൽ മുമ്പിൽ നിൽകുന്നത് രാജസ്ഥാനിലെ 'മുന്തിയ വർഗ'ങ്ങളും ബീഹാറിലെയും ചില വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെയും ഗോത്രവിഭാഗങ്ങളുമാണ്. ലോകത്ത് ഏറ്റവും കൂടുതൽ ശൈശവ വിവാഹം നടക്കുന്നത് നൈജീരിയയിലാണ്, 75%-68%. സെൻട്രൽ ആഫ്രിക്ക റിപ്പ

ക്കിൽ 66% വും 18 വയസ്സിന് മുമ്പ് വിവാഹിതരാകുന്നു. സോമാലിയ 45%, നേപ്പാൾ 41%. ഈ പറയപ്പെട്ട രാജ്യങ്ങൾ അധികവും ഇസ്‌ലാമിക രാജ്യങ്ങളല്ല.

സ്ത്രീയുടെ വിവാഹപ്രായം 18 ആക്കണമെന്ന് ശഠിക്കുന്ന ഒരാളും ഉഭയകക്ഷി സമ്മതപ്രകാരമുള്ള ലൈംഗിക ബന്ധ(വ്യഭിചാരം)ത്തിന്റെ പ്രായം 16 ആക്കിയതിൽ പ്രതിഷേധിച്ചതായി കണ്ടിട്ടില്ല. വിവാഹപ്രായം 18 ആയിരിക്കണമെന്ന നിർബന്ധമേയുള്ളൂ എന്ന് സാരം.

ജപ്പാൻ, കൊറിയ പോലുള്ള രാജ്യങ്ങളിൽ 13 വയസ്സ് മുതൽ വ്യഭിചാരം നിയമവിധേയമാണ്. അപ്രകാരം വ്യഭിചാരം നിയമ വിധേയമാക്കുന്ന പ്രായപരിധി ചില നാട്ടുകളിൽ ഇപ്രകാരമാണ് മെക്സിക്കോ 12, ചൈന, ജർമനി, ബൾഗേറിയ, ബ്രസീൽ, ചിലി, ബർമ 14 വയസ്സ്. ഡെന്മാർക്ക്, ഗ്രീസ്, ഫ്രാൻസ് 15 വയസ്സ്. അമേരിക്ക, ബെൽജിയം, ഫിൻലാന്റ് 16 വയസ്സ്.

എന്നിട്ടും വിമർശകർ പറയുന്നു ഇസ്‌ലാം ശൈശവ വിവാഹത്തെ പ്രോൽസാഹിപ്പിക്കുന്നു, എന്ന്!

### ഇസ്‌ലാമിലെ വിവാഹം

കേവലം സുഖാസ്വാദനത്തിലേക്കുള്ള വഴി എന്നതിലപ്പുറം നിരവധി ലക്ഷ്യങ്ങൾ സാക്ഷാൽകരിക്കുന്നതിന് വേണ്ടിയാണ് ഇസ്‌ലാം വിവാഹം നിയമമാക്കിയിട്ടുള്ളത്. പവിത്രമായ ബന്ധമായി ഇസ്‌ലാം വിവാഹത്തെ കാണുന്നു.

അടുത്ത തലമുറക്ക് ജന്മം നൽകുക. മാതൃകാ സമൂഹത്തെ വാർത്തെടുക്കുക, മനസ്സിനും ശരീരത്തിനും സുഖവും ശാന്തിയും സമാധാനവും പ്രദാനം ചെയ്യുക, കാരുണ്യവും സ്നേഹവും പങ്കുവെക്കുക, മരണാനന്തരം സ്വർഗത്തിലും ഒന്നിക്കാൻ സാധിക്കുന്ന രൂപത്തിൽ മാതൃകകളായി ജീവിക്കുക എന്നിങ്ങനെ നിരവധി ലക്ഷ്യങ്ങൾ വിവാഹത്തിലൂടെ ഇസ്‌ലാം കാണുന്നു. അത് നിലനിർത്തിപ്പോരുന്നതിൽ ചില ചിട്ടവട്ടങ്ങളും നിയമങ്ങളും നിർദേശങ്ങളുമൊക്കെയുണ്ട്. നൈമിഷിക സുഖത്തിനായി രഹസ്യമായി അടുക്കുകയും മടുക്കുമ്പോൾ ഒഴിവാക്കുകയും ചെയ്യാനുള്ള ബന്ധമല്ല ഇസ്‌ലാമിലെ വിവാഹം.

വിവാഹത്തിന്റെ ഒന്നാം തീയതി മുതൽ സ്ത്രീക്ക് മാന്യമായ സ്ഥാനവും അവകാശവും ഇസ്‌ലാം നൽകുന്നു. നീതിമാനായ രക്ഷിതാവിന്റെ കൃത്യമായ നിർദേശങ്ങൾ ഈ വിഷയത്തിൽ കാണുവാൻ സാധിക്കും.

### വലിയ്യ് അനിവാര്യം

ശാരീരികമായും ബുദ്ധിപരമായും സ്ത്രീ പുരുഷനെപ്പോലെയല്ല എന്ന കാര്യം സർവസമ്മതമാണ്. അങ്ങനെയൊരു സമത്വം പ്രകൃത്യാ ഇല്ല എന്നത് അനിഷേധ്യമായ കാര്യമാണ്.

വിവാഹം എന്നത് താൽക്കാലിക ബന്ധമല്ലെന്നും അല്ലാഹുവിനെ മുൻനിറുത്തി സ്ത്രീ പുരുഷനിൽ നിന്ന് വാങ്ങുന്ന ശക്തമായ കരാറാണെന്നും അത് മരണംവരെയും ശേഷവും നീണ്ടുനിൽക്കേണ്ടതാണെന്നും ഇസ്‌ലാം അനുശാസിക്കുന്നു. ഒരു സ്ത്രീക്ക് അനുയോജ്യനായ ഇണയെ കണ്ടെത്താൻ അവളെക്കാൾ കൂടുതൽ യോഗ്യൻ അവളുടെ എല്ലാ നന്മയിലും ബദ്ധശ്രദ്ധനായ, അവൾക്ക് ദോഷം വരുന്നത് സഹിക്കാൻ കഴിയാത്ത അവളുടെ പിതാവാണ് അഥവാ രക്ഷിതാവാണ്. ‘സൽസ്വഭാവവും മതബോധവും യോജിച്ചവർ വിവാഹാലോചനയുമായി വന്നാൽ നിങ്ങൾ പെൺമക്കളെ വിവാഹം ചെയ്തുകൊടുക്കണം; എല്ലാവരും തങ്ങളുടെ കീഴിലുള്ള ഭരണീയരെക്കുറിച്ച് ചോദ്യംചെയ്യപ്പെടുന്നവരായിരിക്കും’ എന്ന് നബിﷺ രക്ഷിതാക്കളെ ഉപദേശിക്കുകയും ഓർമപ്പെടുത്തുകയും ചെയ്തതായി കാണാം.

ഈ ഉത്തരവാദിത്തം ഭംഗിയായി നിർവഹിക്കുന്ന ഒരു രക്ഷിതാവ് തന്റെ മകളെ വിൽപനച്ചരക്കായി കാണുകയില്ല. അതിനാൽ സ്ത്രീയുടെ വിവാഹം കൈകാര്യം ചെയ്യുന്ന പുരുഷൻ വലിയ്യായി ഉണ്ടാകണമെന്ന് ഇസ്‌ലാം നിർദേശിച്ചു. അത് അവളെ അടിച്ചമർത്താനോ സ്വാതന്ത്ര്യത്തെ നിഷേധിക്കുവാനോ അല്ല, മറിച്ച് അവളുടെ സുരക്ഷിതത്വത്തിനും നന്മക്ക് മാത്രമാണ്. അത്തരം ചിന്തയുള്ള ഒരു

**ഗാന്ധിജി കസ്തൂർഭായെ കല്യാണം കഴിക്കുമ്പോൾ അവർക്ക് കളിപ്പാട്ടങ്ങളുമായി നടക്കുന്ന പ്രായമായിരുന്നുവത്രെ. ഗുജറാത്ത് അടക്കമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടക്കുന്ന വിവാഹങ്ങളിൽ 40%വും ബാല്യകാല വിവാഹങ്ങളാണ്. ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ നടക്കുന്ന വിവാഹങ്ങളിൽ 47–56%വും ശൈശവവിവാഹമാണത്രെ. ഇതിൽ മുമ്പിൽ നിൽകുന്നത് രാജസ്ഥാനിലെ ‘മുന്തിയ വർഗ’ങ്ങളും ബീഹാറിലെയും ചില വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെയും ഗോത്രവിഭാഗങ്ങളുമാണ്. ലോകത്ത് ഏറ്റവും കൂടുതൽ ശൈശവ വിവാഹം നടക്കുന്നത് നൈജീരിയയിലാണ്, 75%–68%. സെൻട്രൽ ആഫ്രിക്ക റിപ്പബ്ലിക്കിൽ 66% വും 18 വയസ്സിന് മുമ്പ് വിവാഹിതരാകുന്നു. സോമാലിയ 45%, നേപ്പാൾ 41%. ഇവയിൽ അധികവും ഇസ്‌ലാമിക രാജ്യങ്ങളല്ല.**

**ഇസ്‌ലാമിലെ വിവാഹത്തിൽ ഒരിക്കലും ഒഴിച്ചുകൂടാൻ പറ്റാത്ത മറ്റൊരു കാര്യമാണ് വധുവിന്റെയുംവരന്റെയും സമ്മതം അനിവാര്യമാണ് എന്നത്. സ്ത്രീക്കും പുരുഷനും പരസ്പര സമ്മതമില്ലാത്ത വിവാഹം അസാധുവാണ്. വിധവയാകട്ടെ, കന്യകയാകട്ടെ വിവാഹത്തിന് അവരുടെ സമ്മതം അനിവാര്യമാണെന്നും കന്യകയുടെ സമ്മതം മൗനമാണെങ്കിൽ വിധവ വ്യക്തമായി അത് പറയുക തന്നെ വേണമെന്നും നബിﷺ അരുളിയിട്ടുണ്ട്. ഇണകൾക്ക് ഇഷ്ടമല്ലാത്ത വിവാഹത്തിൽ നിന്ന് അവർക്ക് പിൻവാങ്ങാവുന്നതാണ്; ഒരിക്കലും നിർബന്ധിത വിവാഹം സാധുവാകുകയില്ല.**

രക്ഷിതാവ് ഒരിക്കലും തന്റെ സംരക്ഷണയിലുള്ള പെൺകുട്ടിയെ അവളുടെ ഭാവി അസ്ഥിരമാകുന്ന ഒരു അവസ്ഥയിലേക്ക് തള്ളിവിടുകയില്ല.

### വിവാഹാന്വേഷണം

ഇസ്‌ലാമിലെ വിവാഹത്തിൽ ഒരിക്കലും ഒഴിച്ചുകൂടാൻ പറ്റാത്ത മറ്റൊരു കാര്യമാണ് വധുവിന്റെയും വരന്റെയും സമ്മതം. വിധവയാകട്ടെ, കന്യകയാകട്ടെ വിവാഹത്തിന് അവരുടെ സമ്മതം അനിവാര്യമാണെന്നും കന്യകയുടെ സമ്മതം മൗനമാണെങ്കിൽ വിധവ വ്യക്തമായി അത് പറയുക തന്നെ വേണമെന്നും നബിﷺ അരുളിയിട്ടുണ്ട്. ഇണകൾക്ക് ഇഷ്ടമല്ലാത്ത വിവാഹത്തിൽ നിന്ന് അവർക്ക് പിൻവാങ്ങാവുന്നതാണ്.

പരസ്പരം തൃപ്തിയുണ്ടെങ്കിൽ പ്രായം കണക്കാക്കാതെ അവിഹിത ബന്ധത്തിന് അനുമതി കൊടുക്കുന്നവർ, ധാരാളം നിബന്ധനകൾ പാലിച്ച്, വിവാഹത്തിന് അനിവാര്യമായ പക്വതയും പാകതയും എത്തുകയും പരസ്പരം കണ്ട് ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്തിട്ടും പെണ്ണിന് 18 ആയില്ല എന്ന ഒരൊറ്റ കാരണം പറഞ്ഞ് ആ വിവാഹത്തെ എതിർക്കുന്നു. ഇത് നീതിയാണോ?

ഒരു സ്ത്രീ വിവാഹത്തിന് പ്രാപ്തയാണോ അല്ലയോ എന്ന് കൂടുതൽ അറിയുന്നത് അവൾക്കു തന്നെയാണ്, പിന്നെ അവളുടെ രക്ഷിതാക്കളും.

പെൺകുട്ടിയുടെ രക്ഷിതാവിൽനിന്ന് അവളുടെ നന്മ ഉദ്ദേശിച്ചുള്ള പ്രവർത്തനങ്ങളേ ഉണ്ടാവുകയുള്ളൂ. അതിനാൽ വിവാഹത്തിന് പ്രാപ്തനല്ലാത്ത ഒരാളെക്കൊണ്ട് പെൺകുട്ടിയെ വിവാഹം കഴിപ്പിക്കാൻ അയാൾ മുതിരുകയില്ല.

വിവാഹം സ്വീകാര്യമാകണമെങ്കിൽ കേവലം സ്ത്രീയും പുരുഷനും തമ്മിലുള്ള തൃപ്തി മാത്രം പോരാ, മറിച്ച് സ്ത്രീയുടെ രക്ഷിതാവും രണ്ട് സാക്ഷികളും അംഗീകരിക്കുകയും അതിന് അവർ സാക്ഷിയാകുകയും ചെയ്യേണ്ടതുണ്ട്.

വിവാഹത്തിലൂടെ കുടുംബ ജീവിതം നയിക്കാൻ കഴിയാത്ത ശിശുക്കളെ വിവാഹം ചെയ്തയക്കാൻ സുബോധമുള്ള, അവരുടെ നല്ല ഭാവി സ്വപ്നം കാണുന്ന വല്ല രക്ഷിതാവും തയ്യാറാകുമോ?

വിവാഹത്തോടനുബന്ധിച്ച് വധൂവരൻമാരെ ആശിർവദിക്കുവാനും അവരുടെ സന്തോഷത്തിൽ പങ്കെടുക്കുവാനും വേണ്ടി ഇസ്‌ലാം മതപരമാക്കിയ ഒന്നാണ് വലീമ അഥവാ വിവാഹ സൽക്കാരം. സമൂഹ മനഃസാക്ഷി അംഗീകരിക്കാത്ത ശൈശവ വിവാഹത്തിന്റെ വലീമയിൽ പ്രബുദ്ധരായ ആളുകൾ പങ്കെടുക്കുമോ?

വധു വിവേകവും കാര്യപ്രാപ്തിയും വകതിരിവും ഉള്ളവളായിരിക്കണം. വിവാഹത്തിന് വധുവിന്റെ സമ്മതം ആവശ്യമാണ് എന്ന് പറഞ്ഞല്ലോ. 'എട്ടുംപൊട്ടും തിരിയാത്ത' ഒരു ശിശുവിനോട് വിവാഹത്തിന് സമ്മതം ചോദിക്കാൻ ദൈവിക മതം കൽപിക്കും എന്ന് പറഞ്ഞുകൂടാ. എന്താണ് വിവാഹം, എന്താണ് കുടുംബ ജീവിതം, ഭർത്താവിനോടുള്ള കടമകൾ എന്ത് എന്നെല്ലാം അവൾ അറിഞ്ഞിരിക്കണം.

എന്നാൽ ഇത്തരം അറിവുകൾ 18 വയസ്സ് തികയുമ്പോൾ മാത്രമെ ലഭിക്കുകയുള്ളൂ എന്ന് പറയുന്നത് ശരിയല്ല. പതിനെട്ട് കഴിഞ്ഞവർക്കും ചിലപ്പോൾ ശാരീക വളർച്ചയും പക്വതയും ഉണ്ടായിക്കൊള്ളണം എന്നുമില്ലല്ലോ. അത്തരക്കാരെ പതിനെട്ട് വയസ്സായി എന്ന കാരണത്താൽ മാത്രം വിവാഹം കഴിപ്പിക്കാനൊക്കുമോ?

വിവാഹത്തോട് കൂടി ധാരാളം ചുതമലകൾ ഏറ്റെടുക്കുന്നവനാണ് പുരുഷൻ. ഭാര്യക്ക് ആവശ്യമായ ഭക്ഷണം, വസ്ത്രം, ചികിത്സ, ശാരീക ബന്ധം... തുടങ്ങിയവയെല്ലാം അവനിൽ അർപ്പിതമാണ് എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. വരൻ ശിശുവാണെങ്കിൽ ഇതെല്ലാം നിർവഹിക്കുവാൻ അവന് കഴിയുമോ? അതിന് മതം ഒരിക്കലും അനുശാസിക്കുകയില്ല. എന്നാൽ കുടുംബ ജീവിതം ആരംഭിക്കുവാൻ പുരുഷന് 21 വയസ്സ് പൂർത്തിയായാലേ സാധിക്കൂ എന്ന് പറയുന്നതും യുക്തിക്ക് നിരക്കുന്നല്ല. ●

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം



# 2 ബറേൽവികൾ അഹ്‌ലുസ്സുന്നയുടെ കിരീടാവകാശികളോ?

ഇത്തരം വിശ്വാസങ്ങൾ നബിﷺ പഠിപ്പിച്ചിട്ടുണ്ട് എന്നതിനോ സ്വഹാബികളോ ശേഷമുള്ള ഉത്തമ തലമുറകളിൽ പെട്ടവരോ വെച്ചുപുലർത്തിയിരുന്നു എന്നതിനോ തെളിവ് കൊണ്ടുവരാൻ ഈ നൂതനവാദികൾക്ക് ഇന്നുവരെ കഴിഞ്ഞിട്ടില്ലെന്നത് വസ്തുതയാണ്. അപ്പം ചുട്ടെടുക്കുന്ന പോലെ പുത്തൻ വിശ്വാസാചാരങ്ങൾ ഉണ്ടാക്കി, അവയെ ഇസ്‌ലാമിന്റെ വർണക്കടലാസിൽ പൊതിഞ്ഞ് ജനങ്ങൾക്ക് സമർപ്പിക്കുന്ന ഇരുകൂട്ടർക്കും തങ്ങൾ അഹ്‌ലുസ്സുന്നയിൽ പെട്ടവരാണ് എന്ന് പറയാൻ എന്ത് യോഗ്യതയാണുള്ളത്?

ലേഖകൻ തുടരുന്നു: "അഹ്‌ലുസ്സുന്നയുടെ കണിശക്കാരായ പണ്ഡിത നേതൃത്വത്തെക്കുറിച്ച് അപരാധങ്ങൾ പ്രചരിപ്പിക്കുന്നതും കുപ്രചരണങ്ങൾ നടത്തുന്നതും ബിദ്അത്തുകാരുടെ പാരമ്പര്യം തന്നെയാണ്. എക്കാലത്തെയും അഹ്‌ലുസ്സുന്നയുടെയും മറു കക്ഷികളുടെയും ചരിത്രങ്ങൾ ഇതിന് സാക്ഷിയാണ്. ബറേൽവികൾ ഖബ്‌റിനെ പൂജിക്കുന്നവരാണ്, ആരാധിക്കുന്നവരാണ്, ഖബ്‌റിന് സുജൂദ് ചെയ്യുന്നവരാണ്, ശിആ ആചാരങ്ങൾ ഇസ്‌ലാമിൽ കടത്തിക്കൂട്ടിയവരാണ്, ഖാദിയാനി അധ്യാപകരിൽ നിന്ന് വിദ്യ അഭ്യസിച്ചവരാണ് തുടങ്ങി തബ്‌ലീഗുകാരും ദയൂബന്തികളും വഹാബികളും മൗദൂദികളും മറ്റും പ്രചരിപ്പിക്കാറുള്ള കാര്യങ്ങൾ വസ്തുതകൾക്ക് നിരക്കാത്ത ആരോപണങ്ങൾ മാത്രമാണ്" (പേജ്: 41).

മതത്തിന്റെ പേരിൽ പോലും കളവ് പറയാൻ മടിയില്ലാത്തവർക്ക് ആരുടെമേലും കളവ് പറയാൻ ധൈര്യം വരുമല്ലോ. സുന്നത്തിനോട് പ്രതിബദ്ധത പുലർത്താതിരിക്കലും അതിനെ മുറുകെ പിടിക്കുന്നവരെ പുത്തൻ വാദികളെന്ന് മുദ്ര കുത്തലും ഇവരുടെ ശീലമാണ്. അദ്ദേഹം എടുത്തുപറഞ്ഞ കാര്യങ്ങളൊക്കെ ദുരാരോപണമാണ് പോലും!

സമസ്തക്കാർ പരസ്പരവും ഇതര വിഭാഗത്തിൽ പെട്ട പണ്ഡിതന്മാരെയും കാഫിറുകളെന്നും മതപരിത്യാഗിക(മുർതദ്ദ്)കളെന്നും വിശേഷിപ്പിക്കാൻ വരെ തയ്യാറായവരാണ്. തങ്ങളുടെ പിഴച്ച വാദങ്ങളെ എതിർക്കുന്നവരെ എങ്ങനെയെങ്കിലും ജനമധ്യത്തിൽ അവഹേളിക്കാൻ മടിയില്ലാത്തവർ.

അവർ എഴുതിയത് കാണുക: 'ഖുർആൻ പരിഭാഷ തികച്ചും അബദ്ധജഡിലവും തോന്നിവാസവുമാണെന്നും അതെഴുതിയുണ്ടാക്കിയ വകയിൽ കൂറ്റനാട് മുസ്‌ലിയാർ മുർത്തദ്ദും കാഫിറുമായിട്ടുണ്ടെന്നും അന്ന് സമസ്ത സെക്രട്ടറി ഫത്‌വ പുറപ്പെടുവിച്ചത് ജനങ്ങൾ മറന്നിട്ടില്ല" (സിറാജ്, 1988 നവംബർ 21 ചൊവ്വ).

"വഹാബികളും മൗദൂദികളും ഖാദിയാന്മാരും

അറുത്ത സാധനങ്ങളൊന്നും നാം തിന്നാൻ പാടില്ലാത്തതാണ്. അതു പോലെ സലാം ചൊല്ലുവാനോ മടക്കുവാനോ പാടില്ല. വഹാബികളും മൗദൂദികളും അസ്‌ലിയ്യായ കാഫിറുകളെക്കാൾ കടുത്ത കാഫിറുകളല്ലേയെന്ന് മുസ്‌ലിമീങ്ങൾ ചിന്തിച്ച് നോക്കുക" (സുന്നിവേദി, 1994 മാർച്ച്).

ആരെയും സ്വതന്ത്രമായി കാഫിറാക്കാനുള്ള അനുമതി ഇവർക്ക് കൊടുത്തത് ബറേൽവിസത്തിന്റെ സ്ഥാപകനും സമസ്തയുടെ ആദർശാചാര്യനുമായ അഹ്മദ് റസാ ഖാൻ ബറേൽവിയാണെന്നത് കൂടി വായനക്കാർ അറിയണം.

ഇല്ലാത്ത വിഷയങ്ങൾ പറഞ്ഞ് സലഫികളടക്കമുള്ളവർ ബറേൽവികളെ ആക്ഷേപിക്കുന്നു എന്നതാണ് മുസ്‌ലിയാരുടെ വലിയ പരാതി. മേൽപറഞ്ഞതിൽ സമസ്തയുടെ നിലപാട് എന്ത് എന്ന് നോക്കാം: 'അമ്പിയാക്കൾ, ഔലിയാക്കൾ തുടങ്ങിയവരുടെ ഖബ്‌റിന്റെ മീതെ ജാറം കെട്ടിപ്പൊക്കുന്നതും വിളക്ക് വെക്കുന്നതും മുബാഹുമാണ്. സാധാരണക്കാരുടേതാണെങ്കിൽ സ്വന്തം സ്ഥലത്തായാൽ മുബാഹും പൊതുസ്ഥലത്ത് മറ്റ് ഖബ്‌റുകൾക്ക് തടസ്സമുണ്ടാക്കുന്ന രൂപത്തിലായാൽ ഹറാമും അല്ലെങ്കിൽ മുബാഹുമാണ് എന്ന് സുന്നികൾ" (കുണ്ട്തോട് വാദപ്രതിവാദം, 1974).

സമസ്തയുടെ വിശ്വാസം ഇതാണെങ്കിൽ അവരുടെ ആദർശ മാതൃകയായ ബറേൽവികളുടെ വിശ്വാസം എത്രത്തോളം തൗഹീദിൽനിന്ന് അകലെയായിരിക്കുമെന്ന് ആലോചിക്കാവുന്നതേയുള്ളൂ.

അവർ തന്നെ പറയട്ടെ: "ഖബറുകൾ കെട്ടി ഉയർത്തുക, അതിൽ വിളക്കുകളും മെഴുക് തിരികളും കത്തിക്കുക, അതിലേക്ക് നേർച്ചകൾ നേരുക, പുണ്യം ആഗ്രഹിച്ച് ആഘോഷങ്ങൾ നടത്തുക, പുഷ്പങ്ങൾ വിതറുക, ഖബറിന് ചുറ്റും ത്വവാഫ് ചെയ്യാൻ അനുചരന്മാരെ ക്ഷണിക്കുക..."(അൽകശ്ഫു അൻ ഹഖീഖതിസ്സൂഫിയ്യ).

ശീഈ- ബറേൽവി വിശ്വാസം ഒന്ന് തന്നെയായതിനാൽ പ്രത്യേകിച്ചൊന്നും അവർക്ക് കടത്തിക്കൂട്ടേണ്ടി വരില്ല. സമസ്തക്ക് ശിയാക്കളുമായുള്ള കടുത്ത ബന്ധത്തെ കൂടി ഇതോടൊപ്പം ഓർക്കണം. ആദർശ ശുദ്ധിയും പ്രാമാണിക നിലപാടും കാത്തുസൂക്ഷിച്ചവർക്ക് നേരെ വാളോങ്ങുന്ന നിലപാടാണ് നാളിതുവരെ സമസ്ത സ്വീകരിച്ചിട്ടുള്ളത്.

ലേഖകൻ എഴുതുന്നു: "ആദർശം പിഴച്ചതിന്റെ പേരിൽ ഇവർക്ക് സമുദായത്തിൽ പിടിച്ചുനിൽക്കാനുള്ള കുറുക്കുവഴി മാത്രമാണിത്. മക്കാ മുശ്‌രിക്കുകൾ വിശുദ്ധ ഇസ്‌ലാമിന്റെ സുന്ദര ആദർശത്തിന് മുമ്പിൽ പരാജയപ്പെട്ടപ്പോൾ തിരുനബിﷺയെക്കുറിച്ച് കവി, മാരണക്കാരൻ, ഭ്രാന്തൻ തുടങ്ങി പല ആരോപണങ്ങളും ഉന്നയിച്ചിരുന്നല്ലോ. അഹ്‌ലുസ്സുന്നയുടെ നേതൃത്വത്തെ ആരോപണങ്ങൾ കൊണ്ട് തേജോവധം ചെയ്യാൻ ആഗ്രഹിക്കുന്നവർ മക്കാ മുശ്‌രിക്കുകളുടെ ഈ തന്ത്രം തന്നെയാണ് അവലംബിക്കുന്നത്" (പേജ് 41).

തൗഹീദാണ് ഇസ്‌ലാമിക ആദർശത്തിന്റെ കഴമ്പും മർമവും. മുൻഗാമികളെ പിൻപറ്റി നേരാംവിധം സലഫികൾ അതിനെ നിലനിർത്തിപ്പോരുന്നു. ദീനിന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തതിനാൽ തന്നെ സമൂഹത്തിൽ അതിന് സ്ഥാനമുണ്ടാകാൻ കുതന്ത്രങ്ങൾ മെനയേണ്ടതുമില്ല. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ച് നിർത്തുകയും ചെയ്യുന്നതാണ്" (47:7).

മുആവിയؓവിൽ നിന്ന് നിവേദനം; നബിﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: "എന്റെ സമുദായത്തിൽ നിന്നും ഒരു വിഭാഗം അല്ലാഹുവിന്റെ കൽപനകളുമായി നിലകൊള്ളുക തന്നെ ചെയ്യും. അവരെ നിന്ദിക്കുന്നവർക്കോ അവരോട് എതിർക്കുന്നവർക്കോ അന്ത്യനാൾ വരെ അവരെ ഉപദ്രവിക്കാൻ ആവുകയില്ല" (ബുഖാരി, മുസ്‌ലിം).

യഥാർഥത്തിൽ ആരാണ് ആദർശ, സ്വഭാവ രംഗങ്ങളിൽ മക്കാമുശ്‌രിക്കുകളോട് ഒത്തുചേർന്ന് നിൽക്കുന്നവർ? ആരാധനയിൽ മധ്യവർത്തികളെ സ്വീകരിച്ചവർ, മധ്യവർത്തികൾ ശുപാർശകരാണെന്ന് പറഞ്ഞവർ മക്കാമുശ്‌രിക്കുകളായിരുന്നു. അതേ വിശ്വാസം വെച്ചുപുലർത്തുന്നവർ ഇന്ന് കേരളത്തിൽ ആരാണ്? സലഫികളാണോ? നബിﷺ നടത്തിയ പ്രബോധനം തനിമയോടെ നിർവഹിക്കുന്നവരെ നോക്കി കാഫിറുകൾ, പുത്തൻവാദികൾ, തീവ്രവാദികൾ, പിഴച്ചവർ... എന്നിങ്ങനെ വിളിച്ചു പറയുന്നവർ ഒന്ന് ആത്മപരിശോധന നടത്തുക.

മതത്തിൽ നൂതനവിശ്വാസങ്ങളും ആചാരങ്ങളും കടത്തിക്കൂട്ടുന്നതിനെതിരെ ശബ്ദിക്കൽ എക്കാലത്തും സലഫികളുടെ രീതിയാണ്. ബറേൽവികൾ സമ്മാനിച്ച മുഫ്തി പട്ടത്തിന്റെ മാറ്റിൽ ആത്മീയ ചൂഷണം പൊടിപൊടിക്കാമെന്ന ചിലരുടെ പൂതി തുറന്നുകാട്ടുന്നതിലും കേരളത്തിലെ മുജാഹിദുകൾ മുൻപന്തിയിലുണ്ട്.

ശീഈ, സ്വൂഫി, ബറേൽവി ചങ്ങാത്തത്തിലൂടെ പകർന്നുകിട്ടിയ വിശ്വാസങ്ങളും ആചാരങ്ങളുമാണ് സമസ്ത വെച്ചുപുലർത്തുന്നത്.അഹ്‌ലുസ്സുന്ന എന്നത് പേരിലേയുള്ളൂ, ആദർശത്തിലില്ല. അണികൾ ഈ വസ്തുത അറിയാതിരിക്കാനാണ് മറ്റുള്ളവരെ പുത്തൻ വാദികൾ എന്ന് മുദ്രകുത്തി അവരുടെ മേലെ ചാടിവീഴുന്നത്. സത്യത്തിന്റെ ഒഴുക്കിനെ തടുക്കാൻ ഇത്തരം ദുർബലമായ തടയണകൾക്ക് കഴിയില്ല എന്നേ പറയാനുള്ളൂ.

**(അവസാനിച്ചില്ല).**

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം



# പങ്കുവയ്ക്കാം പകുത്ത് നൽകാം

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. ചുറ്റുമുള്ളതിനെ ആശ്രയിച്ചു കഴിയുക എന്നതാണ് മനുഷ്യ പ്രകൃതി. ഞാൻ ഒന്നിനെയും ആശ്രയിക്കാതെ ജീവിക്കും എന്ന് പറയാൻ മനുഷ്യർക്ക് സാധ്യമല്ല. ലോകത്തിന്റെ സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹു മനുഷ്യനെയും ഇതര ജീവികളെയും സൃഷ്ടിച്ചത് അങ്ങനെയാണ്.

"ഭൂമി മുളപ്പിക്കുന്ന സസ്യങ്ങളിലും അവരുടെ സ്വന്തം വർഗങ്ങളിലും അവർക്കറിയാത്ത വസ്തുക്കളിലും പെട്ട എല്ലാ ഇണകളെയും സൃഷ്ടിച്ചവൻ എത്ര പരിശുദ്ധൻ!" (യാസീൻ: 36).

പരസഹായം ഇല്ലാതെ ജീവിതം അസാധ്യമാണ് എന്നതാണ് യാഥാർഥ്യം. സർവത്ര സ്വാർഥത വാഴുന്ന ലോകത്ത് പരസ്പര സഹായങ്ങൾ യാന്ത്രികമാകുന്നു എന്ന് വേണം കരുതാൻ. ഞാൻ, എനിക്ക് എന്നതിനപ്പുറം നമുക്ക് എന്ന് പറയാനും ചിന്തിക്കാനും ലോകം മടിക്കുന്ന കാലം. സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി ഏതറ്റം വരെ പോകാനും എന്ത് ക്രൂരതകൾ ചെയ്യാനും മടിയി

ല്ലാത്തവരായി മനുഷ്യർ മാറിയിരിക്കുന്നു. ചില വാർത്തകൾ കേൾക്കുമ്പോൾ നമുക്ക് അത്ഭുതം തോന്നാറുണ്ട്. ലോകത്ത് ഏറ്റവും കൂടുതൽ സ്നേഹം ആർക്ക് ആരോടാണെന്ന് ചോദിച്ചാൽ ഒരു നിമിഷം പോലും പകച്ചു നിൽക്കാതെ നാം പറയും മാതാവിന് കുഞ്ഞിനോടാണെന്ന്. മതത്തിന്റെയും ജാതിയുടെയും നിറത്തിന്റെയും സംസ്കാരത്തിന്റെയും ഭാഷാവേഷ വ്യത്യാസങ്ങളുടെയും നഗര ഗ്രാമ വൈജാത്യങ്ങളുടെയും അതിർവരമ്പുകൾ ഭേദിക്കുന്നതാണ് മാതാവും കുഞ്ഞും തമ്മിലുള്ള സ്നേഹം. സ്നേഹം എന്ന് പറയുമ്പോൾ നമ്മുടെ മനസ്സിൽ മിന്നിമറയുന്നത് ആ ചിത്രമാണ്.

പക്ഷേ, വിജ്ഞാന വിപ്ലവത്തിന്റെ ആധുനിക കാലത്ത് അത് അത്രയുറപ്പിച്ച് പറയുക അസാധ്യമായിക്കഴിഞ്ഞു.

സ്വന്തം കാമുകന്റെ കൂടെ ജീവിക്കാൻ പറക്കമുറ്റാത്ത കുഞ്ഞുങ്ങളെ കൊലക്ക് കൊടുക്കുന്ന അമ്മമാർ നമുക്ക് ചുറ്റും കൂടി വരുന്നു. തന്റെ ആസ്വാദനങ്ങൾക്ക് സ്വന്തം കുഞ്ഞ് തടസ്സം നിന്നാൽ അത് വെട്ടിമാറ്റാൻ പോലും മടിക്കാത്തവിധം ഘനീഭവിച്ചിരിക്കുന്നു ചില മാതൃമനസ്സുകൾ! ലോകം വികസിക്കുമ്പോഴും മനസ്സ് ചുരുങ്ങിപ്പോകുന്നല്ലോ കണ്ണിന് അപ്രാപ്യമായ കാഴ്ചകൾ സമ്മാനിക്കുന്ന ആധുനിക ശാസ്ത്ര കാലത്തും അരികിലുള്ളതിനെ കാണാൻ നമുക്കാവുന്നില്ല.

ജീവിതാസ്വാദനത്തിനപ്പുറം ഒന്നുമില്ലെന്ന് മനുഷ്യൻ ചിന്തിച്ചുകൊണ്ടിരിക്കുന്ന കാലം! ഭീതിജനകമായ അന്തരീക്ഷം! അല്ലേ? ഇത്തരം വാർത്തകൾ നാം കേട്ടിരുന്നത് അങ്ങകലെ നിന്നായിരുന്നെങ്കിൽ ഇന്നതെല്ലാം നമ്മുടെ അടുക്കളയിലും എത്തിയിരിക്കുന്നു. വിവര സാങ്കേതിക വിപ്ലവം ലോകത്തെ വിരൽതുമ്പിലേക്ക് ചുരുക്കി എങ്കിൽ അരുതായ്മകളും അതിലൂടെ നമ്മെ തേടിയെത്തിയെന്നതാണ് വസ്തുത.

ഇന്ന് ഏറ്റവും കൂടുതൽ അവസരം ഉള്ള കോഴ്സ് ഏതെന്ന് ചോദിച്ചാൽ ആദ്യത്തെ ഓപ്ഷനിൽ സൈക്കോളജി സ്ഥാനം പിടിച്ചുകഴിഞ്ഞിരിക്കുന്നു. ഏതാനും വർഷങ്ങൾ കൊണ്ടുണ്ടായ മാറ്റമാണിത്. ഒരു കൗൺസിലർ ചെയ്യുന്നത് കേൾക്കുക എന്നത് മാത്രമാണ്. അഥവാ ഒരാളുടെ വേദനകൾ പങ്കുവയ്ക്കാൻ ഉള്ള അവസരം നൽകുകയാണ് കൗസിലർമാർ ചെയ്യുന്നത്. ഇന്ന് കലാലയം മുതൽ കൗൺസിലർ സേവനം ലഭ്യമാക്കാനാണ് ഭരണകൂടവും സമൂഹവും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. തൊലിപ്പുറത്തുള്ള ചികിത്സ എന്ന് പറയുന്നതാവും നന്നാവുക.

മാനസിക സംഘർഷങ്ങൾക്കുള്ള ഒറ്റമൂലി പങ്കുവയ്ക്കൽ മാത്രമാണ്. മനുഷ്യർ തമ്മിലും അവനും അവന്റെ ദൈവവും തമ്മിലുള്ള പങ്കുവയ്ക്കൽ കൃത്യമായി നടന്നാൽ ഒരു കൗൺസിലറുടെയും സേവനം നമുക്കാവശ്യമായി വരില്ല.

അല്ലാഹു പറയുന്നു: "നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (അൽബക്വറ: 186).

പങ്കുവയ്ക്കൽ എവിടെ എന്നതാണ് അടുത്ത ചോദ്യം. കിലോമീറ്ററുകൾ യാത്രചെയ്ത്, പണവും ആരോഗ്യവും ചെലവഴിച്ച് പങ്കുവയ്ക്കലിന് പോകേണ്ടതുണ്ടോ? ഇല്ല! അല്ലാഹു പറഞ്ഞത് പോലെ അവനോട് തന്റെ പ്രതിസ




**മക്കളും മാതാപിതാക്കളും പങ്കുവയ്ക്കപ്പെടേണ്ടവരാണ്. തുറന്ന സംസാരങ്ങൾ അവർക്കിടയിൽ നടക്കണം. അധികാരത്തിന്റെ മുഷ്ടികൾ അല്ല സ്നേഹത്തിന്റെ തലോടലാണ് ചെറിയവരും വലിയവരും ഒരുപോലെ ആഗ്രഹിക്കുന്നത്. പ്രതിസന്ധികളും പ്രയാസങ്ങളും പങ്കുവയ്ക്കപ്പെടാൻ ആവശ്യമായ അന്തരീക്ഷം കുടുംബങ്ങളിൽ ഉണ്ടാവണം. എങ്കിൽ സമാധാനം നമ്മെ തേടിയെത്തും. ഒരിക്കലും കേൾക്കാൻ തയ്യാറില്ലാത്ത മാതാപിതാക്കളുടെ മക്കൾ അവർക്കും സമൂഹത്തിനും ഭാരമായിത്തീരുമെന്നത് തീർച്ച.**

സന്ധികളും പ്രയാസങ്ങളും പങ്കുവയ്ക്കാൻ ഒരു നയാപൈസയുടെ ചെലവുമില്ല. എങ്ങും യാത്രചെയ്ത് ക്ഷീണിക്കേണ്ടതുമില്ല. മറിച്ച് നാം എവിടെയാണോ അവിടെനിന്ന് നമുക്കറിയുന്ന ഭാഷയിൽ അവനോട് പറയാം.

മറ്റൊന്ന് നമുക്ക് ചുറ്റും ജീവിക്കുന്നവരോടാണ്. അവരോട് പങ്കുവയ്ക്കേണ്ടത് പങ്കുവയ്ക്കാൻ തയ്യാറായാൽ ഇന്ന് നാം അനുഭവിക്കുന്ന പ്രതിസന്ധികൾ ഭൂരിപക്ഷവും പരിഹരിക്കാം.

പലപ്പോഴും നമുക്കിടയിൽ കണ്ടുവരുന്ന ഒരു കാര്യം പ്രശ്നങ്ങളെയും പ്രയാസങ്ങളെയും പ്രതിസന്ധികളെയും സ്വയം തരണം ചെയ്യണം എന്ന ദുർവാശിയാണ്. അത് കൂടുതൽ സങ്കീർണതകളിലേക്ക് നമ്മെ തള്ളിവിടുകയേ ചെയ്യൂ. നമ്മുടെ പ്രയാസങ്ങൾ പങ്കുവയ്ക്കേണ്ടത് ചുറ്റിലും ജീവിക്കുന്നവരോട് തന്നെയാണ്.

ഒന്നാമത്തേത് കുടുംബമാണ്. ഭാര്യയും ഭർത്താവും ശരീരം പങ്കുവയ്ക്കേണ്ടവർ മാത്രമല്ല, മറിച്ച് മനസ്സും പങ്കുവയ്ക്കാൻ തയ്യാറാകേണ്ടവരാണ്. സ്വന്തം പ്രശ്നങ്ങൾ പരസ്പരം ചർച്ചചെയ്ത് പരിഹരിക്കാൻ നമുക്ക് സാധിക്കണം. ഇണകളെക്കുറിച്ച് അല്ലാഹു പറഞ്ഞത് എത്ര പ്രസക്തം:

"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (സൂറതുർറൂം: 21).

മക്കളും മാതാപിതാക്കളും പങ്കുവയ്ക്കപ്പെടേണ്ടവരാണ്. തുറന്ന സംസാരങ്ങൾ അവർക്കിടയിൽ നടക്കണം. അധികാരത്തിന്റെ മുഷ്ടികൾ അല്ല സ്നേഹത്തിന്റെ തലോടലാണ് ചെറിയവരും വലിയവരും ഒരുപോലെ ആഗ്രഹിക്കുന്നത്. പ്രതിസന്ധികളും പ്രയാസങ്ങളും പങ്കവയ്ക്കപ്പെടാൻ ആവശ്യമായ അന്തരീക്ഷം കുടുംബങ്ങളിൽ ഉണ്ടാവണം. എങ്കിൽ സമാധാനം നമ്മെ തേടിയെത്തും. ഒരിക്കലും കേൾക്കാൻ തയ്യാറില്ലാത്ത മാതാപിതാക്കളുടെ മക്കൾ അവർക്കും സമൂഹത്തിനും ഭാരമായിത്തീരുമെന്നത് തീർച്ച.

ജോലിസ്ഥലത്ത് സഹപ്രവർത്തകരോട് കാര്യങ്ങൾ പങ്കുവച്ച് പരിഹാരം തേടണം. പരസ്പര സഹകരണവും സ്നേഹവും നമുക്ക് നൽകുന്ന ആശ്വാസം ചെറുതല്ല. തങ്ങളുടെ കീഴിലുള്ളവരെ സമ്മർദത്തിലാക്കി ലാഭം കൊയ്യുന്നവർ ക്രൂരതയാണ് ചെയ്യുന്നത്. അധികാരവും സ്ഥാനങ്ങളും ഒന്നും മറ്റുള്ളവരുടെ സമാധാനത്തിന് തടസ്സം നിൽക്കുന്നതാവരുത്. സൗഹൃദങ്ങൾ സൂക്ഷിക്കാൻ പദവികൾ വിലങ്ങുതടികൾ ആവാതിരിക്കണം. ഉദ്യോഗസ്ഥർക്കും ഭരണാധികാരികൾക്കും മനുഷ്യത്വം ഉണ്ടാവണം.

യാത്രയിലെ പ്രയാസങ്ങൾ പരിഹരിക്കാൻ സഹയാത്രികർക്ക് സാധിക്കണം. സ്നേഹവും ചിലപ്പോൾ ആരോഗ്യവും പണവും പകുത്ത് നൽകിയാൽ നമുക്ക് വലിയ നന്മകൾ കൊയ്യാൻ സാധിക്കും.

സാമൂഹ്യമാധ്യമങ്ങൾ തീർത്ത പ്രതിസന്ധികൾ മറികടക്കാൻ നാം ഒരുമിച്ച് പരിശ്രമിക്കണം. ടെക്നോളജികൾ സ്വൈര്യജീവിതത്തിന് തടസ്സമായി മാറുമ്പോൾ അത് തിരുത്താൻ ബോധപൂർവമായ ഇടപെടലുകൾ ഉണ്ടാവണം.

പരസ്പരം പങ്കവയ്ക്കലും പകുത്ത് നൽകലും തന്നെയാണ് മാനസിക സംഘർഷങ്ങൾക്കുള്ള പരിഹാരം. നാടുനീളെ കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കാനല്ല ഓരോരുത്തരും തങ്ങൾക്ക് ചുറ്റുമുള്ളവരെ കേൾക്കാനും അവരുമായി കാര്യങ്ങൾ പങ്കുവയ്ക്കാനും ചിലതൊക്കെ പകുത്ത് നൽകാനാണ് തയ്യാറാവേണ്ടത്.

ഞാൻ എന്നതിന് പകരം നമ്മൾ എന്ന് ചിന്തക്കാനുള്ള മാനസിക വിശാലത നേടിയെടുക്കാൻ സാധിക്കണം. മറ്റുള്ളവരുടെ പ്രയാസങ്ങളിൽ ആശ്വാസം നൽകുന്നതിൽ ആസ്വാദനം കണ്ടെത്താൻ കഴിയണം. സാമൂഹ്യജീവിയാണെന്ന തിരിച്ചറിവുണ്ടാവണം.

സ്വാർഥത വരിഞ്ഞുമുറുക്കിയ ലോകത്തിന് നിസ്വാർഥ മനസ്സുകൾ നൽകുന്ന സേവനങ്ങൾ നൽകുന്ന സമാധാനവും പ്രതീക്ഷയും അമൂല്യമാണ്. ●

**മക്കളും മാതാപിതാക്കളും പങ്കുവയ്ക്കപ്പെടേണ്ടവരാണ്. തുറന്ന സംസാരങ്ങൾ അവർക്കിടയിൽ നടക്കണം. അധികാരത്തിന്റെ മുഷ്ടികൾ അല്ല സ്നേഹത്തിന്റെ തലോടലാണ് ചെറിയവരും വലിയവരും ഒരുപോലെ ആഗ്രഹിക്കുന്നത്. പ്രതിസന്ധികളും പ്രയാസങ്ങളും പങ്കവയ്ക്കപ്പെടാൻ ആവശ്യമായ അന്തരീക്ഷം കുടുംബങ്ങളിൽ ഉണ്ടാവണം. എങ്കിൽ സമാധാനം നമ്മെ തേടിയെത്തും. ഒരിക്കലും കേൾക്കാൻ തയ്യാറില്ലാത്ത മാതാപിതാക്കളുടെ മക്കൾ അവർക്കും സമൂഹത്തിനും ഭാരമായിത്തീരുമെന്നത് തീർച്ച.**

സ്വലാഹ്ബിൻ അബൂബക്കർ
mail@nerpatham.com

ലേഖനം



# യൂസുഫ് നബി: ചരിത്രം നൽകുന്ന പാഠങ്ങൾ

**മാ**നവകുലത്തിന് മാർഗദർശനമായി അവതീർണമായ വേദഗ്രന്ഥമായ വിശുദ്ധ ക്വുർആനിലൂടെ അല്ലാഹു കഴിഞ്ഞുപോയ സമൂഹങ്ങളുടെയും പ്രവാചകന്മാരുടെയുമൊക്കെ ചരിത്രം പറഞ്ഞുതരുന്നുണ്ട്. അല്ലാഹു തന്നെ പറഞ്ഞുതരുന്നതായതിനാൽ ആ ചരിത്രവിവരണങ്ങളിൽ അതിശയോക്തിയോ അവാസ്തവമോ ഒട്ടും ഉണ്ടായിരിക്കുന്നതല്ല. അല്ലാഹു പറയുന്നു:

"നിനക്ക് ഈ ക്വുർആൻ ബോധനം നൽകിയത് വഴി ഏറ്റവും നല്ല ചരിത്രവിവരണമാണ് നാം നിനക്ക് നൽകിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും ഇതിനുമുമ്പ് നീ അതിനെപ്പറ്റി ബോധമില്ലാത്തവനായിരുന്നു" (12:3).

ചരിത്രത്തിൽ നിന്ന് ലഭിക്കുന്ന ഗുണപാഠങ്ങൾക്ക് പ്രാധാന്യം നൽകിയാണ് ക്വുർആൻ ചരിത്രം വിവരിക്കുന്നത്. പ്രവാചക ചരിത്ര കഥനങ്ങളിൽ ഒരു അധ്യായത്തിലുട നീളം വിവരിച്ചതാണ് യൂസുഫ് നബി(عليه السلام)യുടെ ചരിത്രം. മനുഷ്യജീവിതത്തിലെ വ്യത്യസ്ത പരീക്ഷണഘട്ടങ്ങളിൽ വിശ്വാസിയുടെ നിലപാട് എന്തായിരിക്കണമെന്ന് പ്രസ്തുത ചരിത്രം വിവരിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

"തീർച്ചയായും യൂസുഫിലും അദ്ദേഹത്തിന്റെ സഹോദരൻമാരിലും ചോദിച്ച് മനസ്സിലാക്കുന്നവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്." (12:7).

ഇബ്നു കഥീർ(റഹി) പറയുന്നു: "യൂസുഫ് നബിയുടെയും സഹോദരന്മാരുടെയും ചരിത്രത്തിൽ അന്വേഷിക്കുന്നവർക്ക് ധാരാളം ഉപദേശങ്ങളും ഗുണപാഠങ്ങളുമുണ്ട്. അത് വിവരിക്കാനർഹമായ അത്ഭുതകരമായ ചരിത്രമാണ്" (തഫ്സീർ ഇബ്നുകഥീർ).

അതിനാൽ തന്നെ പ്രസ്തുത ഗുണപാഠങ്ങൾ സ്വജീവിതത്തിലേക്ക് സ്വാംശീകരിക്കാൻ നാം തയ്യാറാവണം. പ്രസ്തുത ചരിത്രത്തിൽ നിന്നുള്ള ചില സുപ്രധാന പാഠങ്ങൾ ചുവടെ നൽകുന്നു:

**1. പ്രാർഥന അല്ലാഹുവോട് മാത്രം**

ജീവിതത്തിൽ ഒരുപാട് പ്രതിസന്ധികൾ നേരിടുന്നവരാണ് നാം. സാമ്പത്തിക പരാധീനതകളും ആരോഗ്യപരമായ പ്രയാസങ്ങളും അടുത്ത ബന്ധുമിത്രാദികളുടെ മരണവുമെല്ലാം പലപ്പോഴും മനുഷ്യരെ തളർത്താറുണ്ട്. ഇത്തരം പ്രതിസന്ധിഘട്ടങ്ങളിലാണ് പലരും അല്ലാഹുവിന് പുറമെ അമ്പിയാ-ഔലിയാക്കളോടും മറ്റും സഹായം തേടുന്നതും ആരാധനയുടെ വിവിധ വശങ്ങൾ സമർപ്പിക്കുന്നതും.

എന്നാൽ, ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ ജീവിതത്തിന്റെ ഏതൊരു ഘട്ടത്തിലും ആരാധനകൾ അർപ്പിക്കേണ്ടത് അല്ലാഹുവിന് മുന്നിൽ മാത്രമാണ്. പ്രാർഥിക്കേണ്ടത് അവനോട് മാത്രമാണ്. കാരണം പ്രാർഥന കേൾക്കുവാനും ഉത്തരം നൽകുവാനും കഴിവുള്ളവൻ അല്ലാഹു മാത്രമാണ്.

പ്രിയപ്പെട്ട മകനായ യൂസുഫിന്റെ തിരോധാനം യഅ്ക്വൂബ് നബിﷺയിൽ ഏൽപിച്ച ആഘാതം കനത്തതായിരുന്നു. ദുഃഖ ഭാരത്താൽ അദ്ദേഹത്തിന്റെ കാഴ്ച മങ്ങി, അല്ലാഹു തന്നെ വിവരിക്കുന്നത് നോക്കൂ:

"അവരിൽ നിന്നു തിരിഞ്ഞുകളഞ്ഞിട്ട് അദ്ദേഹം പറഞ്ഞു: യൂസുഫിന്റെ കാര്യം എത്ര സങ്കടകരം! ദുഃഖം നിമിത്തം അദ്ദേഹത്തിന്റെ ഇരുകണ്ണുകളും വെളുത്ത് പോയി. അങ്ങനെ അദ്ദേഹം (ദുഃഖം) ഉള്ളിലൊതുക്കി കഴിയുകയാണ്"(12:84).

പിന്നീട് യൂസുഫ് നബിﷺയുടെ സഹോദരനെ മോഷണക്കുറ്റത്തിന്റെ പേരിൽ ഈജിപ്തിൽ തടവിലാക്കിയ വാർത്തയറിഞ്ഞപ്പോഴും തന്റെ പ്രയാസങ്ങൾ അല്ലാഹുവിനോട് മാത്രമാണ് അദ്ദേഹം ബോധിപ്പിച്ചത്. ദുഃഖ ഭാരത്താൽ യഅ്ക്വൂബ്ﷺ മരണപ്പെടുമെന്ന് ഞങ്ങൾ ഭയപ്പെടുന്നുവെന്ന് മക്കൾ പറഞ്ഞ സന്ദർഭം പരിശുദ്ധ ക്വുർആൻ വിവരിക്കുന്നത് നോക്കൂ:

"അവർ പറഞ്ഞു: അല്ലാഹുവിനെ തന്നെയാണ, താങ്കൾ തീർത്തും അവശനാകുകയോ, അല്ലെങ്കിൽ മരണമടയുകയോ ചെയ്യുന്നതു വരെ താങ്കൾ യൂസുഫിനെ ഓർത്തുകൊണ്ടേയിരിക്കും. അദ്ദേഹം പറഞ്ഞു: എന്റെ വേവലാതിയും വ്യസനവും ഞാൻ അല്ലാഹുവോട് മാത്രമാണ് ബോധിപ്പിക്കുന്നത്. അല്ലാഹുവിങ്കൽ നിന്നും നിങ്ങൾ അറിയാത്ത ചിലത് ഞാനറിയുന്നുമുണ്ട്" (12:85,86).

ഇസ്‌ലാം നിഷിദ്ധമാക്കിയ വ്യഭിചാരമെന്ന പാപത്തിൽ പെട്ട് പോകുമോ എന്ന് ഭയന്ന സന്ദർഭത്തിൽ യൂസുഫ്ﷺ അഭയം തേടിയതും അല്ലാഹുവിനോട് മാത്രമായിരുന്നു. അല്ലാഹു പറയുന്നു:

"അവൻ (യൂസുഫ്) പറഞ്ഞു: എന്റെ രക്ഷിതാവേ, ഇവർ എന്നെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെക്കാളും എനിക്ക് കൂടുതൽ പ്രിയപ്പെട്ടത് ജയിലാകുന്നു. ഇവരുടെ കുതന്ത്രം എന്നെവിട്ട് നീ തിരിച്ചുകളയാത്ത പക്ഷം ഞാൻ അവരിലേക്ക് ചാഞ്ഞുപോയേക്കും. അങ്ങനെ ഞാൻ അവിവേകികളുടെ കൂട്ടത്തിൽ ആയിപ്പോകുകയും ചെയ്യും" (12:33).

അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥനക്ക് ഉത്തരം നൽകിയതും സ്ത്രീകളുടെ കുതന്ത്രത്തിൽ നി

**ജീവിതത്തിൽ ഒരുപാട് പ്രതിസന്ധികൾ നേരിടുന്നവരാണ് നാം. സാമ്പത്തിക പരാധീനതകളും ആരോഗ്യപരമായ പ്രയാസങ്ങളും അടുത്ത ബന്ധുമിത്രാദികളുടെ മരണവുമെല്ലാം പലപ്പോഴും മനുഷ്യരെ തളർത്താറുണ്ട്. ഇത്തരം പ്രതിസന്ധിഘട്ടങ്ങളിലാണ് പലരും അല്ലാഹുവിന് പുറമെ അമ്പിയാ-ഔലിയാക്കളോടും മറ്റും സഹായം തേടുന്നതും ആരാധനയുടെ വിവിധ വശങ്ങൾ സമർപ്പിക്കുന്നതും. എന്നാൽ, ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ ജീവിതത്തിന്റെ ഏതൊരു ഘട്ടത്തിലും ആരാധനകൾ അർപ്പിക്കേണ്ടത് അല്ലാഹുവിന് മുന്നിൽ മാത്രമാണ്. പ്രാർഥിക്കേണ്ടത് അവനോട് മാത്രമാണ്. കാരണം പ്രാർഥന കേൾക്കുവാനും ഉത്തരം നൽകുവാനും കഴിവുള്ളവൻ അല്ലാഹു മാത്രമാണ്.**

ന്ന് രക്ഷിച്ചതുമെല്ലാം ചരിത്രം. അത്കൊണ്ട് തന്നെ, നമ്മുടെ ജീവിതത്തിലെ ഏതൊരു പ്രതിസന്ധി ഘട്ടത്തിലും നാം പ്രാർഥിക്കേണ്ടതും സഹായാർഥന നടത്തേണ്ടതും അല്ലാഹുവിനോട് മാത്രമാണ്. നിത്യവും നമസ്കാരങ്ങളിലൂടെ നാം പ്രഖ്യാപിക്കുന്നതും ഇത് തന്നെയാണല്ലോ:

"നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു" (1:5).

**2. പിശാച് മനുഷ്യന്റെ മുഖ്യ ശത്രു:**

"യൂസുഫ് തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം: എന്റെ പിതാവേ, പതിനൊന്നു നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും എനിക്ക് സാഷ്ടാംഗം ചെയ്യുന്നതായി ഞാൻ സ്വപ്നം കണ്ടിരിക്കുന്നു. അദ്ദേഹം (പിതാവ്) പറഞ്ഞു: എന്റെ കുഞ്ഞുമകനേ, നിന്റെ സ്വപ്നം നീ നിന്റെ സഹോദരന്മാർക്ക് വിവരിച്ചുകൊടുക്കരുത്. അവർ നിനക്കെതിരെ വല്ല തന്ത്രവും പ്രയോഗിച്ചേക്കും. തീർച്ചയായും പിശാച് മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാകുന്നു" (12:4,5).

ഈ വചനങ്ങളെ വിശദീകരിച്ച് ഇമാം സഅ്ദി ﷺ പറയുന്നു: "രാപകൽ വ്യത്യാസമില്ലാതെയും രഹസ്യത്തിലും പരസ്യത്തിലുമെല്ലാം പിശാചിന് (പ്രസ്തുത പ്രവർത്തനങ്ങളിൽ) മടുപ്പനുഭവപ്പെടുകയില്ല. അതിനാൽ തന്നെ പിശാച് കീഴടക്കുന്ന കാര്യങ്ങളിൽ നിന്ന് മനുഷ്യർ വിട്ടുനിൽക്കലാണ് നല്ലത്" (തഫ്സീറുസ്സഅ്ദി).

മാനവകുലത്തെ വഴിപിഴപ്പിക്കാൻ പ്രതിജ്ഞാബദ്ധനാണ് ഇബ്‌ലീസ്. ഉപരിലോകത്തുനിന്ന് അഹങ്കാരം നിമിത്തം അല്ലാഹു പുറത്താക്കിയപ്പോൾ പിശാച് പറഞ്ഞു:

"...നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത്തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുന്നിലൂടെയും അവരുടെ പിന്നിലൂടെയും അവരുടെ വലതുഭാഗങ്ങളിലൂടെയും ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും. അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല" (7:16,17).

മനുഷ്യരെ വഴിപിഴപ്പിക്കുന്നതിനുള്ള മാർഗങ്ങൾ അന്വേഷിക്കുകയാണ് പിശാച്. ആദം നബിﷺയിൽനിന്ന് അത് തുടങ്ങി. അതിനാൽ നാം പിശാചിന്റെ കുതന്ത്രങ്ങളെ കരുതിയിരിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

"ആദം സന്തതികളേ, നിങ്ങളുടെ മാതാപിതാക്കളെ ആ തോട്ടത്തിൽ നിന്ന് പുറത്താക്കിയത് പോലെ പിശാച് നിങ്ങളെ കുഴപ്പത്തിലാക്കാതിരിക്കട്ടെ. അവർ ഇരുവരുടെയും ഗോപ്യസ്ഥാനങ്ങൾ അവർക്ക് കാണിച്ചുകൊടുക്കുവാനായി അവൻ അവരിൽ നിന്ന് അവരുടെ വസ്ത്രം എടുത്തുനീക്കുകയായിരുന്നു. തീർച്ചയായും അവനും അവന്റെ വർഗക്കാരും നിങ്ങളെ കണ്ടുകൊണ്ടിരിക്കും; നിങ്ങൾക്ക് അവരെ കാണാൻ പറ്റാത്ത വിധത്തിൽ. തീർച്ചയായും വിശ്വസിക്കാത്തവർക്ക് പിശാചുക്കളെ നാം മിത്രങ്ങളാക്കി കൊടുത്തിരിക്കുന്നു" (7:27).

**3. നിഷ്കളങ്കത എന്ന രക്ഷാകവചം:**

സമ്പത്തും കുലീനതയും സൗന്ദര്യവുമുള്ള യജമാനത്തി യൂസുഫ് നബിﷺയുടെ സൗന്ദര്യത്തിൽ ആകൃഷ്ടയായി വ്യഭിചാരത്തിന് ക്ഷണിച്ചപ്പോൾ അല്ലാഹു പ്രസ്തുത പാപത്തിൽ നിന്നും അദ്ദേഹത്തെ സംരക്ഷിച്ചു. ഇത് വിവരിക്കവെ അല്ലാഹു പറയുന്നു:

"അവൾക്ക് അവനിൽ ആഗ്രഹം ജനിച്ചു. തന്റെ രക്ഷിതാവിന്റെ പ്രമാണം കണ്ടറിഞ്ഞില്ലായിരുന്നെങ്കിൽ അവന്ന് അവളിലും ആഗ്രഹം ജനിച്ചേനെ. അപ്രകാരം (സംഭവിച്ചത്) തിന്മയും നീചവൃത്തിയും അവനിൽ നിന്ന് നാം തിരിച്ചുവിടുന്നതിന് വേണ്ടിയത്രെ. തീർച്ചയായും അവൻ നമ്മുടെ നിഷ്കളങ്കരായ ദാസൻമാരിൽ പെട്ടവനാകുന്നു" (12:24).

ഇമാം സഅ്ദി(റഹി) പറയുന്നു: "അദ്ദേഹം (യൂസുഫ്) ഇഖ്‌ലാസോട് കൂടി പ്രവർത്തിച്ചപ്പോൾ തിന്മകളിൽ നിന്നും നീചവൃത്തികളിൽ നിന്നും അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു" (തഫ്സീറുസ്സഅ്ദി).

തിന്മകളിലേക്കുള്ള സാഹചര്യങ്ങളും പ്രേരകങ്ങളും ശക്തമായ ഒരു കാലത്താണല്ലോ നാം ജീവിക്കുന്നത്. ഇഖ്‌ലാസ് അഥവാ ആത്മാർഥതയുള്ള ഭക്തരെ അല്ലാഹു തിന്മകളിൽനിന്ന് സംരക്ഷിക്കും.

ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊണ്ട് ജീവിതം നയിക്കുവാൻ നാം തയ്യാറാകണം. അനുഗ്രഹങ്ങൾക്ക് നാഥനോട് നന്ദികാണിക്കുക, ദഅ്‌വത്തിന്റെ പ്രാധാന്യം, അസൂയയുടെ അപകടം തുടങ്ങി ഇനിയുമൊരുപാട് പാഠങ്ങൾ യൂസുഫ് നബിﷺയുടെ ചരിത്രത്തിൽ കാണാനാകും. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവും പരലോകചിന്തയുമാണ് ആ മഹാപ്രവാചകനെ ഉൽകൃഷ്ടനാക്കി മാറ്റിയത് എന്ന് നാം തിരിച്ചറിയുക. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 74, ഭാഗം: 3

# അൽമുദ്ദസ്സിർ (പുതച്ചുമൂടിയവൻ)

وَمَا جَعَلْنَآ أَصْحَٰبَ ٱلنَّارِ إِلَّا مَلَٰٓئِكَةً ۙ وَمَا
جَعَلْنَا عِدَّتَهُمْ إِلَّا فِتْنَةً لِّلَّذِينَ كَفَرُوا۟
لِيَسْتَيْقِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ وَيَزْدَادَ
ٱلَّذِينَ ءَامَنُوٓا۟ إِيمَٰنًا ۙ وَلَا يَرْتَابَ ٱلَّذِينَ أُوتُوا۟
ٱلْكِتَٰبَ وَٱلْمُؤْمِنُونَ ۙ وَلِيَقُولَ ٱلَّذِينَ فِى قُلُوبِهِم
مَّرَضٌ وَٱلْكَٰفِرُونَ مَاذَآ أَرَادَ ٱللَّهُ بِهَٰذَا مَثَلًا ۚ
كَذَٰلِكَ يُضِلُّ ٱللَّهُ مَن يَشَآءُ وَيَهْدِى مَن يَشَآءُ ۚ
وَمَا يَعْلَمُ جُنُودَ رَبِّكَ إِلَّا هُوَ ۚ وَمَا هِىَ إِلَّا
ذِكْرَىٰ لِلْبَشَرِ ٣١

31). നരകത്തിന്റെ മേൽനോട്ടക്കാരായി നാം മലക്കുകളെ മാത്രമാണ് നിശ്ചയിച്ചിരിക്കുന്നത്. അവരുടെ എണ്ണത്തെ നാം സത്യനിഷേധികൾക്ക് ഒരു പരീക്ഷണം മാത്രമാക്കിയിരിക്കുന്നു. വേദം നൽകപ്പെട്ടിട്ടുള്ളവർക്ക് ദൃഢബോധ്യം വരാനും സത്യവിശ്വാസികൾക്ക് വിശ്വാസം വർധിക്കാനും വേദം നൽകപ്പെട്ടവരും സത്യവിശ്വാസികളും സംശയത്തിലകപ്പെടാതിരിക്കാനും അല്ലാഹു എന്തൊരു ഉപമയാണ് ഇതു കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെന്ന് ഹൃദയങ്ങളിൽ രോഗമുള്ളവരും സത്യനിഷേധികളും പറയുവാനും വേണ്ടിയത്രെ അത്. അപ്രകാരം അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ പിഴപ്പിക്കുകയും താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. നിന്റെ രക്ഷിതാവിന്റെ സൈന്യങ്ങളെ അവനല്ലാതെ മറ്റാരും അറിയുകയില്ല. ഇത് മനുഷ്യർക്ക് ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല.

31). (നരകത്തിന്റെ മേൽനോട്ടക്കാരായി നാം മലക്കുകളെ മാത്രമാണ് നിശ്ചയിച്ചിരിക്കുന്നത്). അവരുടെ ശക്തിയും പരുഷതയുമാണ് അതിനു കാരണം. (അവരുടെ എണ്ണത്തെ നാം നിഷേധികൾക്ക് ഒരു പരീക്ഷണം മാത്രമാക്കിയിരിക്കുന്നു). ഇവിടെ ഫിത്ന കൊണ്ട് ഉദ്ദേശ്യം അവർക്ക് പരലോകത്തുള്ള ശിക്ഷയായിരിക്കും. അവിടെ വർധിച്ചു കിട്ടുന്ന പാഠമാകുന്ന ശിക്ഷാനടപടികളും. അല്ലാഹു പറയുന്നു:

يَوْمَ هُمْ عَلَى ٱلنَّارِ يُفْتَنُونَ ﴿١٣﴾

"നരകാഗ്നിയിൽ അവർ പരീക്ഷണത്തിന് വിധേയരാകുന്ന ദിവസമത്രെ അത്" (51:13).

അവരുടെ എണ്ണത്തെക്കുറിച്ച് നാം നിങ്ങൾക്ക് അറിയിച്ചുതരുന്നത് നിങ്ങളിൽ ആർ അത് സത്യപ്പെടുത്തും, നിഷേധിക്കും എന്നറിയുന്നതിനു വേണ്ടിയാണ് എന്നതായിരിക്കും ഇവിടെ ഉദ്ദേശ്യം. അതാണ് തുടർന്നുള്ള വചനത്തിൽ നിന്ന് മനസ്സിലാകുന്നത്. (വേദം നൽകപ്പെട്ടിട്ടുള്ളവർക്ക് ദൃഢബോധ്യം വരുവാനും സത്യവിശ്വാസികൾക്ക് വിശ്വാസം വർധിക്കുവാനും). തീർച്ചയായും വേദക്കാർക്ക് അവരുടെ വേദഗ്രന്ഥങ്ങളോട് യോജിച്ച ആശയങ്ങൾ കാണുമ്പോൾ സത്യത്തിലുള്ള അവരുടെ വിശ്വാസം വർധിക്കും. അല്ലാഹുവിന്റെ വചനങ്ങൾ ഇറങ്ങുമ്പോഴെല്ലാം സത്യവിശ്വാസികൾ അത് അംഗീകരിക്കുകയും അവരുടെ വിശ്വാസം വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

(വേദം നൽകപ്പെട്ടവരും സത്യവിശ്വാസികളും സംശയത്തിലകപ്പെടാതിരിക്കുവാനും) അവരുടെ സംശയങ്ങളും ആശയക്കുഴപ്പങ്ങളും നീങ്ങാൻ വേണ്ടിയാണത്. ഈ മഹത്തായ ലക്ഷ്യങ്ങളാണ് ബുദ്ധിയുള്ളവർ ഉദ്ദേശിക്കുന്നത്. എല്ലാ മതവിഷയങ്ങളിലും എല്ലാ സമയത്തിലും ഈമാൻ വർധിപ്പിക്കലും വിശ്വാസ ദൃഢതക്കു വേണ്ടി പരിശ്രമിക്കലുമാണ് ആ മഹത്തായ ലക്ഷ്യം. അതോടൊപ്പം സത്യത്തിനെതിരെ വരുന്ന ഊഹങ്ങളും സംശയങ്ങളും പ്രതിരോധിക്കുകയും ചെയ്യുക എന്നതും. അല്ലാഹു അവന്റെ ദൂതന്റെ മേൽ ഇറക്കിയത് ഈ മഹത്തായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ഉതകുന്ന വിധത്തിലാണ്; കളവാക്കുന്നവരെയും സത്യവാന്മാരെയും തിരിച്ചറിയുന്ന വിധത്തിലും. അതാണ് തുടർന്ന് പറയുന്നത്. (ഹൃദയങ്ങളിൽ രോഗമുള്ളവർ പറയാൻ വേണ്ടിയും) അതായത് സംശയവും അവ്യക്തതയും കാപട്യവും ഉള്ളവർ.

(അല്ലാഹു എന്തൊരു ഉപമയാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെന്ന് സത്യനിഷേധികൾ പറയുവാനും വേണ്ടിയത്രെ അത്) അവരുടെ സംശയവും ആശയക്കുഴപ്പവും അല്ലാഹുവിന്റെ വചനങ്ങളിലുള്ള നിഷേധവുമാണിതിലുള്ളത്. അല്ലാഹു അവനുദ്ദേശിക്കുന്നവർക്ക് നൽകുന്ന സന്മാർഗത്തിലും അവൻ വഴികേടിലാക്കാൻ ഉദ്ദേശിക്കുന്നവർക്കേകുന്ന വഴികേടിലും പെട്ടതാണിതെല്ലാം.

**അല്ലാഹു സന്മാർഗം നൽകിയാൽ അവന്റെ ദൂതന് ഇറക്കിക്കൊടുത്തത് അവന് കാരുണ്യവും ദീനിലും വിശ്വാസത്തിലും വർധനവുമാക്കിക്കൊടുക്കും. അവൻ വഴികേടിലാക്കിയവന് അവന്റെ ദൂതനിറക്കിക്കൊടുത്തതിനെ ദൗർഭാഗ്യവും സംശയവും ഇരുട്ടുമാക്കിക്കൊടുക്കും. അല്ലാഹു അവന്റെ ദൂതനെ അറിയിച്ച കാര്യം പൂർണമായി കീഴ്പ്പെട്ട് സ്വീകരിക്കൽ നിർബന്ധമാണ്.**

(അപ്രകാരം അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ പിഴപ്പിക്കുകയും താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു) അല്ലാഹു സന്മാർഗം നൽകിയാൽ അവന്റെ ദൂതന് ഇറക്കിക്കൊടുത്തത് അവന് കാരുണ്യവും ദീനിലുള്ള വിശ്വാസത്തിൽ വർധനവും ആക്കിക്കൊടുക്കും. അവൻ വഴികേടിലാക്കിയവന് അവന്റെ ദൂതനിറക്കിക്കൊടുത്തതിനെ ദൗർഭാഗ്യവും സംശയവും ഇരുട്ടുമാക്കിക്കൊടുക്കും. അല്ലാഹു അവന്റെ ദൂതനെ അറിയിച്ച കാര്യം പൂർണമായി കീഴ്പ്പെട്ട് സ്വീകരിക്കൽ നിർബന്ധമാണ്.

(നിന്റെ രക്ഷിതാവിന്റെ സൈന്യങ്ങളെ അറിയുകയില്ല) മലക്കുകളോ അല്ലാത്തവരോ (അവനല്ലാതെ). അവന്റെ സൈന്യത്തെക്കുറിച്ച് നിങ്ങൾ അറിയാത്തവരാണെങ്കിൽ എല്ലാം സൂക്ഷ്മമായി അറിയുന്നവൻ നിങ്ങൾക്ക് അതറിയിച്ചുതരുന്നു. അപ്പോൾ നിങ്ങൾ അത് സംശയമോ ആശയക്കുഴപ്പമോ കൂടാതെ സത്യപ്പെടുത്തണം.

(ഇത് മനുഷ്യർക്ക് ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല) ഈ ഉൽബോധനങ്ങളുടെയും ഉപദേശങ്ങളുടെയും ഉദ്ദേശ്യം കളിയോ നിരർഥകതയോ അല്ല. മറിച്ച് ഇതുകൊണ്ടുദ്ദേശിക്കുന്നത് മനുഷ്യന് ഉപകാരമുള്ളത് ഉൽബോധിപ്പിക്കുകയും അങ്ങനെ അവൻ അത് പ്രവർത്തിക്കുകയും ചെയ്യുക; അവന് ദോഷകരമായതാവുമ്പോൾ ഉപേക്ഷിക്കുകയും ചെയ്യുക എന്നതാണ്. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# ത്യാഗസ്മരണ

**രീതി: അഹദോന്റെ തിരുനാമം**

അഹദോന്റെ തിരുകൽപന നടപ്പിലാക്കിടുവാനായ്
പിതാവും പൂമകനുമന്നൊരുക്കമായി-റബ്ബിൻ
തിരുമുമ്പിൽ സമർപ്പിക്കാൻ തിടുക്കമായേ

പതിറ്റാണ്ടുകൾ കാത്തു കാത്തിരുന്നിട്ടവസാനം
കനിഞ്ഞേകിയ പൂമകനെ ബലി നൽകുവാൻ-തന്നിൽ
ഒരുദിനം ഇലാഹിന്റെ വിധിയെത്തിയേ

കനിമോനെ വിളിക്കുന്നു ഖലീലുല്ല പറയുന്നു
ബലി നൽകാൻ ഇലാഹിന്റെ വിധിയുണ്ടല്ലോ-നിന്റെ
അഭിപ്രായം പറയൂ നീ അരുമ മോനേ

ഇലാഹിന്റെ വിധിയെങ്കിൽ ബലിയാകാനൊരുക്കം ഞാൻ
ക്ഷമാലുവായ് പ്രിയ ബാപ്പാക്കിവനെ കാണാം-റബ്ബിൻ
പൊരുത്തം നേടിടുവാനായ് അറുക്കു ബാപ്പാ

ഇരുപേരും നടക്കുന്നു മിനായിൽ ചെന്നണയുന്നു
ചിതറാത്ത മനത്താലെ ദുആ ചെയ്യുന്നു-നാളെ
സുബർക്കത്തിൽ കടക്കാനായ് കൊതിച്ചീടുന്നു

ഇസ്മാഈൽ കിടക്കുന്നു പതറാതെ പിതാവതാ
കനിമോന്റെ കഴുത്തിലായ് കത്തിവെക്കുന്നു-ഇബ്റാഹീം
നബിയപ്പോൾ പറയുന്നു ബിസ്മില്ലാഹി

അതാ ആ സമയം ഒരശരീരി മുഴങ്ങുന്നു
ഇബ്റാഹീം വിജയിച്ചു പരീക്ഷണത്തിൽ- മകനെ
ഒഴിവാക്കി മൃഗത്തെ നീ ബലിയറുക്കൂ



ഫൈസൽ അനന്തപുരി, ജാമിഅ അൽഹിന്ദ്
mail@nerpatham.com



# വിലാപങ്ങൾക്കൊടുവിൽ

സുഹൃത്തിന്റെ ആവശ്യപ്രകാരമാണ് ആ വെള്ളിയാഴ്ച ഖുത്വുബക്കായി മലപ്പുറം ജില്ലയിലെ ചെറിയൊരു ടൗണിലെ പള്ളിയിലെത്തിയത്. നിർമാണത്തിൽ ലാളിത്യം പുലർത്തിയ പള്ളി. തുടക്കത്തിൽ തന്നെ നിറഞ്ഞ സദസ്സ്. ജുമുഅക്ക് ശേഷം ഭക്ഷണം കഴിച്ച് ബസ് സ്റ്റോപ്പിലേക്ക് നടക്കുന്ന വഴിയാണ് ഞാൻ ആ വ്യക്തിയെ കണ്ടത്. നാൽപതിലേക്കെത്തിയ അരോഗദൃഢഗാത്രനായ ഒരു മാന്യദേഹം.  മന്ദഹാസത്തോടെ അയാൾ സലാം പറഞ്ഞു. ഞാൻ സലാം മടക്കിയ ഉടൻ അയാൾ ചോദിച്ചു: "ജാമിഅയിലാണോ? എന്താണ് നിങ്ങളുടെ പേര്?"


ഞാൻ എന്നെ പരിചയപ്പെടുത്തി. തുടർന്ന് അയാൾ പറഞ്ഞു: "തിരക്കില്ലെങ്കിൽ എനിക്ക് താങ്കളോട് കുറച്ച് സംസാരിക്കണമായിരുന്നു."

അദ്ദേഹത്തിന്റെ മുഖഭാവം കണ്ടപ്പോൾ ആവശ്യം നിരസിക്കാൻ എനിക്ക് തോന്നിയില്ല.



“നമുക്ക് പള്ളിയിലേക്ക് പോകാം” -ഞാൻ പറഞ്ഞു.

ഞങ്ങൾ പള്ളിയിലേക്ക് നടന്നു. മുസ്വല്ലയിൽ എനിക്കഭിമുഖമായി അദ്ദേഹം ഇരുന്നു. അദ്ദേഹം പതിഞ്ഞ സ്വരത്തിൽ പറയാൻ തുടങ്ങി. “എന്റെ പേര്... ആയുർവേദ ഡോക്ടറാണ്. ഇന്ന് എന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ഒരു ദിനമാണ്.”



**“അതെ! ഒരു വർഷം മുമ്പു വരെ എന്റെ ജീവിതം സന്തോഷം നിറഞ്ഞതായിരുന്നു. ആ ദിവസം മുറിയിൽ നിന്നും മക്കളുടെ ശബ്ദം കേൾക്കാൻ തുടങ്ങി. ഞാൻ അവരുടെ മുറിയിലേക്ക് കടന്നു. ഭാര്യയുടെ ഇരു പാർശ്വങ്ങളിലുമായി അവർ എന്തൊക്കെയോ ചെയ്തുകൂട്ടുന്നുണ്ട്. എങ്കിലും അവൾ നിശ്ചലയായി കിടക്കുകയാണ്. എനിക്ക് എന്തോ പന്തികേട് തോന്നി. ഞാൻ അവളുടെ അടുക്കലേക്ക് ചെന്നിരുന്നു. ഞാൻ അവളെ വിളിച്ച് നോക്കി. പക്ഷേ മറുപടിയൊന്നും ലഭിച്ചില്ല. അവളുടെ കൈയിലെ പൾസ് പരിശോധിച്ചപ്പോൾ എന്റെ സിരകൾ മരവിച്ചു പോയി. തളർന്നുപോയ ഞാൻ ഈസി ചെയറിലേക്ക് ചാഞ്ഞു വീണു. എന്റെ ലോകം പൊടുന്നനെ ഇടുങ്ങിയതായി അനുഭവപ്പെട്ടു. എന്റെ മുന്നിലെ ദൃശ്യങ്ങൾ ശ്ലഥചിത്രങ്ങളായി രൂപാന്തരപ്പെട്ടു...”**

“എന്താണ് ഇന്നത്തെ പ്രത്യേകത?” ഞാൻ ചോദിച്ചു.

“ഒരു വർഷത്തിനു ശേഷം ഞാൻ ആദ്യമായി നമസ്കരിക്കുന്നത് ഇന്നാണ്!”

“ഒരു വർഷത്തിന് ശേഷമോ?” ഞാൻ ചോദിച്ചു.

ഒരു നിശ്വാസമുതിർത്തുകൊണ്ട് അദ്ദേഹം തുടർന്നു: “അതെ! ഒരു വർഷം മുമ്പു വരെ എന്റെ ജീവിതം സന്തോഷം നിറഞ്ഞതായിരുന്നു. മതവിധികൾ യഥാവിധി പാലിക്കുന്നതായിരുന്നു. ഭാര്യയും രണ്ട് മക്കളുമടങ്ങിയ കുടുംബം. നല്ല ശമ്പളം. നല്ല ജീവിത സാഹചര്യങ്ങൾ. ശമ്പളത്തിലെ വർധനവിനനുസരിച്ച് മെച്ചപ്പെട്ട സാഹചര്യങ്ങളിലേക്ക് മാറാൻ കാത്തിരിക്കുകയായിരുന്നു ഞാൻ. ആ ദിവസം ഡ്യൂട്ടി കഴിഞ്ഞ് പതിവു പോലെ ഞാൻ വീട്ടിലേക്കെത്തി. ഉച്ചയ്ക്കു ശേഷം ഭാര്യയും മക്കളും ഉറങ്ങുന്ന സമയമായതിനാൽ ഞാൻ അവരെ ശല്യം ചെയ്യാൻ ഉദ്ദേശിച്ചില്ല. എന്റെ റൂമിലേക്ക് ചെന്ന് കുളിച്ച് വൃത്തിയായ ശേഷം കുറച്ച് ഇ-മെയിലുകൾക്ക് ഞാൻ മറുപടി അയച്ചു. അത്യാവശ്യമായി ചില ഫോൺകോളുകൾ നടത്തി. കുറച്ച് കഴിഞ്ഞപ്പോൾ മുറിയിൽ നിന്നും മക്കളുടെ ശബ്ദം കേൾക്കാൻ തുടങ്ങി. ഞാൻ അവരുടെ മുറിയിലേക്ക് കടന്നു. ഭാര്യയുടെ ഇരു പാർശ്വങ്ങളിലുമായി അവർ എന്തൊക്കെയോ ചെയ്തുകൂട്ടുന്നുണ്ട്. എങ്കിലും അവൾ നിശ്ചലയായി കിടക്കുകയാണ്. എനിക്ക് എന്തോ പന്തികേട് തോന്നി. ഞാൻ അവളുടെ അടുക്കലേക്ക് ചെന്നിരുന്നു. ഞാൻ അവളെ വിളിച്ച് നോക്കി. പക്ഷേ മറുപടിയൊന്നും ലഭിച്ചില്ല. അവളുടെ കൈയിലെ പൾസ് പരിശോധിച്ചപ്പോൾ എന്റെ സിരകൾ മരവിച്ചു പോയി. തളർന്നുപോയ ഞാൻ ഈസി ചെയറിലേക്ക് ചാഞ്ഞു വീണു. എന്റെ ലോകം പൊടുന്നനെ ഇടുങ്ങിയതായി അനുഭവപ്പെട്ടു. എന്റെ മുന്നിലെ ദൃശ്യങ്ങൾ ശ്ലഥചിത്രങ്ങളായി രൂപാന്തരപ്പെട്ടു. മക്കൾ എന്റെ സമീപത്തുനിന്ന് എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു...”

കണ്ഠമിടറിയ അദ്ദേഹം ഒരൽപ സമയം സംസാരം നിർത്തി. കണ്ണുകൾ തുടച്ചുകൊണ്ട് അദ്ദേഹം തുടർന്നു: “പിന്നീട് എന്റെ ജീവിതം ആകെ താറുമാറായി. ജോലിയിൽ നിന്നും ഞാൻ നീണ്ട അവധിയിൽ പ്രവേശിച്ചു. എന്റെ മക്കളുടെ കാര്യങ്ങൾ ശ്രദ്ധിച്ചത് ഉമ്മയും സഹോദരനുമായിരുന്നു. അതിനിടയിൽ എന്നിൽ നിന്നും എന്റെ ഈമാൻ ചോർന്നുപോയി. മതപരമായ വിഷയങ്ങൾ ശ്രദ്ധിച്ചിരുന്ന ഞാൻ അവയെ പാടെ അവഗണിക്കാൻ തുടങ്ങി. വെള്ളിയാഴ്ച ജുമുഅക്ക് പോലും ഞാൻ പള്ളിയിൽ പോകാതെയായി. എന്റെ സഹോദരൻ എന്നെ പള്ളിയിലേക്ക് ക്ഷണിക്കും. പക്ഷേ ഞാൻ ഒരിക്കലും പോകാൻ കൂട്ടാക്കിയില്ല. എന്നിൽനിന്ന് എന്റെ പ്രിയതമയെ വേർപെടുത്തിയതിലുള്ള ദുഃഖവും അമർഷവും എന്നെ ഒരു നിഷേധിയാക്കി മാറ്റി, ഞാൻപോലുമറിയാതെ. ഈ നില തുടർന്നുകൊണ്ടേയിരുന്നു. ഇന്നേ ദിവസം വരെ...”

**"എന്റെ ജീവിതം ആകെ താറുമാറായി. ജോലിയിൽ നിന്നും ഞാൻ നീണ്ട അവധിയിൽ പ്രവേശിച്ചു. എന്റെ മക്കളുടെ കാര്യങ്ങൾ ശ്രദ്ധിച്ചത് ഉമ്മയും സഹോദരനുമായിരുന്നു. അതിനിടയിൽ എന്നിൽനിന്നും എന്റെ ഊമാൻ ചോർന്നുപോയി. മതപരമായ വിഷയങ്ങൾ ശ്രദ്ധിച്ചിരുന്ന ഞാൻ അവയെ പാടെ അവഗണിക്കാൻ തുടങ്ങി. വെള്ളിയാഴ്ച ജുമുഅക്ക് പോലും ഞാൻ പള്ളിയിൽ പോകാതെയായി. എന്റെ സഹോദരൻ എന്നെ പള്ളിയിലേക്ക് ക്ഷണിക്കും. പക്ഷേ ഞാൻ ഒരിക്കലും പോകാൻ കൂട്ടാക്കിയില്ല. എന്നിൽനിന്ന് എന്റെ പ്രിയതമയെ വേർപെടുത്തിയതിലുള്ള ദുഃഖവും അമർഷവും എന്നെ ഒരു നിഷേധിയാക്കി മാറ്റി, ഞാൻപോലുമറിയാതെ. ഈ നില തുടർന്നുകൊണ്ടേയിരുന്നു. ഇന്നേ ദിവസം വരെ..."**

"ഇന്ന് പിന്നെ എന്താണ് സംഭവിച്ചത്?" കഥ ഒരു വഴിത്തിരിവിലെത്തിയ പോലെ അനുഭവപ്പെട്ടപ്പോൾ ഞാൻ ചോദിച്ചു.

അദ്ദേഹം വീണ്ടും തുടർന്നു: "ഇന്ന് എന്റെ സഹോദരൻ തികഞ്ഞ ശാഠ്യത്തിലായിരുന്നു. 'ഒരു വർഷമായി ഞാൻ നിന്നെ നിന്റെ പഴയ അവസ്ഥയിലേക്ക് മടങ്ങാൻ ക്ഷണിക്കുന്നു. ഇനിയും ഈ നില തുടരുകയാണെങ്കിൽ എന്റെ യാതൊരു സഹായവും ഇനി മുതൽ പ്രതീക്ഷിക്കരുത് എന്നൊക്കെ പറഞ്ഞപ്പോൾ മനമില്ലാ മനസ്സോടെ ഇന്ന് ഞാൻ പള്ളിയിൽ വന്നു. ഞാൻ അറിഞ്ഞിരുന്നില്ല ഇതൊരു മാറ്റത്തിന്റെ ദിനമാകുമെന്ന്. സഹോദരനെ പിണക്കാതിരിക്കാൻ വേണ്ടി മാത്രം ഉദ്ദേശിച്ചാണ് ഇന്ന് പള്ളിയിൽ വന്നത്.എന്നാൽ ഇന്ന് നിങ്ങൾ മിമ്പറിൽ നിന്നു പറഞ്ഞ ചില കാര്യങ്ങൾ എന്നെ വീണ്ടുവിചാരത്തിലേക്ക് നയിച്ചിരിക്കുന്നു."

ഞാൻ അമ്പരന്നു പോയി: "എന്റെ വാക്കുകളോ?"

"അതെ, താങ്കൾ ഇന്ന് പ്രവാചക പത്നിയായ ഖദീജ(റ)യുടെ ചരിത്രം വിവരിച്ചുവല്ലോ. അതിൽനിന്നും എനിക്ക് ചിന്തിക്കുവാൻ ഏറെ കാര്യങ്ങൾ ലഭിച്ചു."

പ്രവാചക പത്നിയുടെ വിയോഗം അതിൽ അദ്ദേഹം അനുഭവിച്ച സങ്കടം, വിശ്വാസം മറുകെ പിടിച്ചും പ്രബോധനമാർഗത്തിൽ മുന്നേറിയുമുള്ള ജീവിതം എന്നിവയെല്ലാം ഞാൻ വിശദീകരിച്ചിരുന്നു.

അദ്ദേഹം തുടർന്നു: "നബി(ﷺ)യുടെ എല്ലാമെല്ലാമായിരുന്നു ഭാര്യ ഖദീജ(റ) എന്ന് നിങ്ങൾ പറഞ്ഞല്ലോ. ഇരുപത്തിയഞ്ച് കൊല്ലക്കാലം പ്രവാചകന്റെ ദാമ്പത്യജീവിതത്തെ തരളിതമാക്കിയത് ആ മഹതിയായിരുന്നു. പ്രവാചകന്റെ ജീവിതത്തിൽ ഖദീജ(റ) കേവലമൊരു ഭാര്യയായിരുന്നില്ല. ഹിറാ ഗുഹയിൽ നിന്നും ഭയവിഹ്വലനായെത്തിയ പ്രവാചകനെ ധൈര്യം പകർന്ന് ആശ്വസിപ്പിച്ചവർ. പ്രവാചകനിൽ ആദ്യമായി വിശ്വസിച്ചവർ, പ്രവാചകനെ സംരക്ഷണമൊരുക്കിയവർ, സമൂഹം കളവാക്കിയപ്പോൾ കൂടെ നിന്നവർ, എല്ലാവരും കല്ലെറിഞ്ഞപ്പോൾ ചേർത്തുപിടിച്ചവർ... അതായിരുന്നു ഖദീജ(റ). ഇക്കാര്യം നബി(ﷺ) തന്നെ എടുത്തു പറഞ്ഞിട്ടുണ്ട്. ഇതെല്ലാം താങ്കൾ ഇന്ന് വിശദീകരിച്ചു.


ആ പ്രിയ പത്നിയെ നഷ്ടപ്പെട്ടപ്പോൾ പ്രവാചകന് എന്തായിരിക്കും അനുഭവപ്പെട്ടിരിക്കുക? അദ്ദേഹം തന്റെ ദൗത്യത്തിൽ നിന്നും പിന്തിരിഞ്ഞോടിയില്ല. വിശ്വാസം വലിച്ചെറിഞ്ഞില്ല. പ്രബോധന മാർഗത്തിൽ അദ്ദേഹം ശക്തമായി മുന്നേറി. അതിന് അദ്ദേഹത്തെ പ്രാപ്തനാക്കിയ ഒരു ദൈവിക സമ്മാനത്തെപ്പറ്റി താങ്കൾ പറഞ്ഞു. മിഅ്റാജിന്റെ രാത്രിയിൽ ഏഴാനാകാശത്തിനപ്പുറത്തു വെച്ച് അല്ലാഹു നൽകിയ സമ്മാനം. അതെ, അഞ്ചുനേരത്തെ നമസ്കാരം! ഏത് പ്രതിസന്ധിയുടെ സന്ദർഭത്തിലും ക്വിബ്ലയിലേക്ക് തിരിഞ്ഞുനിന്ന് 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞ് നെഞ്ചിൽ കൈവച്ച് നമസ്കരിക്കുകയും അതിൽ ആത്മസംതൃപ്തി കണ്ടെത്തുകയും ചെയ്യുന്ന നബി(ﷺ)യെ താങ്കൾ പരിചയപ്പെടുത്തി. ആ രംഗം എന്റെ മനസ്സിൽ വല്ലാതെ പതിഞ്ഞുപോയി. ഞാനെന്തിന് നിഷേധിയായി ജീവിക്കുന്നു എന്ന ചോദ്യം എന്റെ മനസ്സിൽ ഉദിച്ചിരിക്കുന്നു. അതെ, ഞാൻ എന്റെ ജീവിതത്തെ മാറ്റിയെഴുതാൻ തീരുമാനിച്ചിരിക്കുന്നു. എനിക്കിനി ഒരു സത്യവിശ്വാസിയായി ജീവിക്കണം. അതിൽ ഞാൻ താങ്കളോട് കടപ്പെട്ടിരിക്കുന്നു..." ഇത്രയും പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പിയിരുന്നു.

"സഹോദരാ, നന്ദി പറയേണ്ടത് അല്ലാഹുവിനോട്. അവനാണ് ഹിദായത്ത് നൽകുന്നവൻ. അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുക" അദ്ദേഹത്തെ ചേർത്ത് പിടിക്കുമ്പോൾ അറിയാതെ എന്റ കണ്ണുകളും നിറഞ്ഞുപോയിരുന്നു. ●

ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ(റഹി)
വിവർത്തനം: ശമീർ മദീനി



പണ്ഡിതന്മാരോടുള്ള കടപ്പാടുകൾ: 4




# പണ്ഡിതന്മാർക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങൾ

ചിലപ്പോൾ ഹദീഥിൽ വന്ന പദം വ്യത്യസ്ത അർഥങ്ങളുൾക്കൊള്ളുന്നതായിരിക്കും (ലഫ്‌ളു മുശ്തറക്). അല്ലെങ്കിൽ സംക്ഷിപ്തമായി വന്ന പദം (മുജ്മൽ) ആയിരിക്കും. അല്ലെങ്കിൽ യഥാർഥ അർഥത്തിൽ വന്നതാണോ അതല്ല ആലങ്കാരികമാണോ എന്ന് സംശയിക്കാവുന്ന രൂപത്തിൽ ഒരു പദം വരുമ്പോൾ തനിക്ക് ഏറ്റവും അനുയോജ്യമെന്ന് തോന്നിയത് ഒരു പണ്ഡിതൻ പറയും. വാസ്തവത്തിൽ മറ്റൊന്നായിരിക്കും അതിന്റെ വിവക്ഷ. നോമ്പുമായി ബന്ധപ്പെട്ട് 'കറുത്തനൂലും വെളുത്തനൂലും' എന്ന പ്രയോഗം ശരിക്കുള്ള നൂൽ ആണെന്ന് ആദ്യകാലത്ത് സ്വഹാബികളിൽ ചിലർക്ക് തോന്നിയത്പോലെ. അദിയ്യുബ്നു ഹാതിം(റ) പറയുന്നു: "കറുത്ത ഇഴകളിൽ നിന്ന് വെളുത്ത ഇഴകൾ നിങ്ങൾക്ക് വ്യക്തമാകുന്നത് വരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക' എന്ന ആയത്ത് ഇറങ്ങിയപ്പോൾ ഞാൻ രണ്ട് ചരടുകളെടുത്തു; ഒന്ന് കറുത്തതും മറ്റൊന്ന് വെളുത്തതും. എന്നിട്ട് ഞാനത് എന്റെ തലയിണയുടെ അടിയിൽ വെക്കും. അങ്ങനെ ഞാനതിലേക്കു നോക്കും. അതിലെ കറുത്തതും വെളുത്തതും എനിക്ക് മനസ്സിലാക്കാൻ സാധിച്ചതുമുതൽ

ഞാൻ നോമ്പെടുത്തു. രാവിലെയായപ്പോൾ ഞാൻ നബിﷺയുടെ അടുക്കൽ ചെന്നു. ഞാൻ ചെയ്ത സംഗതി നബിﷺയെ അറിയിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'നിന്റെ രാത്രിക്ക് ദൈർഘ്യമേറുമല്ലോ! രാത്രിയുടെ കറുപ്പും പകലിന്റെ വെളുപ്പുമാണത്" (അഹ്മദ്, ബുഖാരി, മുസ്‌ലിം).

അപ്രകാരം തന്നെ തയമ്മുമുമായി ബന്ധപ്പെട്ട് 'നിങ്ങൾ നിങ്ങളുടെ മുഖവും കൈകളും തടവുക' (ക്വുർആൻ 4:43) എന്ന് പറഞ്ഞതിലെ കൈ എന്നതിന്റെ വിവക്ഷ കക്ഷം വരെയാണെന്ന് ചിലർ ധരിച്ചു.

മറ്റു ചിലപ്പോൾ ഹദീഥിന്റെ ആശയം അവ്യക്തമായിരിക്കും. വാക്കുകളുടെ ആശയതലങ്ങൾ അതിവിശാലമാണ്. അത് ഗ്രഹിച്ചെടുക്കുന്നതിൽ മനുഷ്യർ ഒരേതലത്തിലല്ല ഉള്ളത്. സംസാരങ്ങളുടെ തലങ്ങൾ ഗ്രഹിക്കാനുള്ള ശേഷി റബ്ബിന്റെ ഔദാര്യമനുസരിച്ചാണ്. ചിലപ്പോൾ അതിന്റെ മൊത്തത്തിലുള്ള ആശയത്തിലടങ്ങിയതാണ് ഇന്ന കാര്യവും എന്ന് ഒരുപക്ഷേ, അയാൾക്ക് ഗ്രാഹ്യമായിട്ടുണ്ടാവില്ല. ചിലപ്പോൾ അത് ഗ്രഹിക്കുകയും പിന്നീടത് മറക്കുകയും ചെയ്യാം. ഇത് തിട്ടപ്പെടുത്താൻ കഴിയാത്തത്ര പ്രവിശാലമാണ്. പടച്ചവന് മാത്രമെ അതറിയൂ. ചിലപ്പോൾ ഗ്രഹിക്കുന്നതിലും അബദ്ധം സംഭവിക്കാം. നബിﷺ നിയോഗിതനായ അറബി ഭാഷയനുസരിച്ച് സാധ്യതയില്ലാത്ത തെറ്റായ മനസ്സിലാക്കലും ഉണ്ടാകും.

**ഏഴാമത്തെ കാരണം:** ഹദീഥിൽ അങ്ങനെയൊരു ആശയമില്ല എന്ന വിശ്വാസം. ഇതും ഇതിനുമുമ്പ് പറഞ്ഞതും തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ ആദ്യത്തേതിൽ ഹദീഥിൽ ഇങ്ങനെയൊരു ആശയമുള്ള വശം മനസ്സിലാക്കുന്നില്ല. രണ്ടാമത്തേതിൽ തെളിവു പറഞ്ഞ വശവും രീതിയും മനസ്സിലായി. പക്ഷേ, അത് ശരിയായ ഒരു തെളിവോ ആശയമോ ആയി അദ്ദേഹം അംഗീകരിക്കുന്നില്ല എന്ന് മാത്രം. കാരണം ഈ ആശയത്തെ ഖണ്ഡിക്കുന്ന എന്തെങ്കിലും തെളിവുകളോ അടിസ്ഥാനങ്ങളോ അദ്ദേഹത്തിന്റെ പക്കലുണ്ടായിരിക്കും. അത് ഒരു പക്ഷേ, ശരിയാകാം അല്ലെങ്കിൽ തെറ്റാകാം. ഉദാഹരണത്തിന്:

1. പ്രത്യേകം വിവക്ഷിക്കപ്പെടുന്ന വ്യാപകാർഥത്തിലുള്ള പദങ്ങൾ (അൽആമുൽ മഖ്സ്വൂസ്) തെളിവാക്കാൻ പറ്റില്ല.

2. പ്രസ്താവിക്കപ്പെട്ടതിൽ നിന്നും അതിന്റെ നേർവിപരീതം ഇന്നതാണ് എന്ന് ഗ്രഹിച്ചെടുക്കുന്നത് (മഫ്ഹൂമുൽ മുഖാലഫ) തെളിവല്ല.

3. ഒരു പ്രത്യേക കാരണത്താൽ വന്ന വചനത്തിന്റെ വ്യാപകാർഥം അതേ കാരണങ്ങളിൽ മാത്രം പരിമിതമാണ് എന്ന തത്ത്വം.

4. 'കേവല കൽപന നിർബന്ധത്തെ കുറിക്കുന്നില്ല' എന്ന ന്യായം. അല്ലെങ്കിൽ 'കേവല കൽപന' ഉടനെ ചെയ്യണമെന്ന് താൽപര്യപ്പെടുന്നില്ല എന്ന തത്ത്വം.

5. 'അൽ' ചേർന്ന് വന്നതിലൂടെ 'മഅരിഫത്'(അറിയപ്പെട്ടത്) ആയ പദങ്ങൾക്ക് വ്യാപകാർഥം കൽപ്പിക്കാവതല്ല എന്ന തത്ത്വം.

6. നിഷേധ രൂപത്തിലുള്ള ക്രിയകൾ അതിന്റെ അസ്തിത്വത്തെയോ അതുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളെയുമോ നിരാകരിക്കുന്നില്ല.

7. ഒരു തെളിവിൽ നിന്ന് സങ്കൽപിക്കപ്പെടുന്ന കാര്യങ്ങളുടെ വ്യാപകാർഥം പരിഗണിക്കേണ്ടതുണ്ടോ ഇല്ലയോ എന്ന ചർച്ച... തുടങ്ങി ഇതുപോലുള്ള ഇനിയും ദീർഘിച്ചുപോകുന്ന പല തത്ത്വങ്ങളും അഭിപ്രായങ്ങളുമുണ്ട്. ഉസ്വൂലുൽ ഫിക്വ്ഹിന്റെ ചർച്ചകളിൽ പകുതിയോളം ഇത്തരം അഭിപ്രായ ഭിന്നതകളുള്ള വിഷയങ്ങളാണ്. ഇത്തരം ചർച്ചകളുടെയും വീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ പണ്ഡിതന്മാർക്കിടയിൽ 'മസ്അല'കളിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടാകാം.



**ഹദീഥിൽ വന്ന പദം വ്യത്യസ്ത അർഥങ്ങളുൾക്കൊള്ളുന്നതായിരിക്കും (ലഫ്ളു മുശ്തറക്). അല്ലെങ്കിൽ സംക്ഷിപ്തമായി വന്ന പദം (മുജ്മൽ) ആയിരിക്കും. അല്ലെങ്കിൽ യഥാർഥ അർഥത്തിൽ വന്നതാണോ അതല്ല ആലങ്കാരികമാണോ എന്ന് സംശയിക്കാവുന്ന രൂപത്തിൽ ഒരു പദം വരുമ്പോൾ തനിക്ക് ഏറ്റവും അനുയോജ്യമെന്ന് തോന്നിയത് ഒരു പണ്ഡിതൻ പറയും. വാസ്തവത്തിൽ മറ്റൊന്നായിരിക്കും അതിന്റെ വിവക്ഷ. നോമ്പുമായി ബന്ധപ്പെട്ട് 'കറുത്തനൂലും വെളുത്തനൂലും' എന്ന പ്രയോഗം ശരിക്കുള്ള നൂൽ ആണെന്ന് ആദ്യകാലത്ത് സ്വഹാബികളിൽ ചിലർക്ക് തോന്നിയത്പോലെ.**

**ഹദീഥിൽ നിന്നും മനസ്സിലാക്കപ്പെടുന്ന ഇന്ന ആശയത്തോട് വേറൊരു ഹദീഥ് എതിരായിവരുന്നു എന്നതിനാൽ ആ ആശയം ഇവിടെ ഉദ്ദേശിക്കപ്പെടുന്നില്ല എന്ന് ഒരു പണ്ഡിതൻ കരുതുന്നു. അതായത്, ഒരു പൊതുവായ ആശയത്തോട് (ആമ്) മറ്റൊരു പ്രത്യേകമായി മറഞ്ഞ കാര്യം (ഖാസ്സ്) എതിരായി വരുന്നത് പോലെ. അല്ലെങ്കിൽ നിരുപാധികം (മുത്വലക്വ്) പറയപ്പെട്ടതിനോട് സോപാധികം പറഞ്ഞത് (മുക്വയ്യദ്) എതിരായി വരുന്നത് പോലെ. അല്ലെങ്കിൽ നിരുപാധികമായ കൽപന നിർബന്ധത്തെ നിഷേധിക്കുന്ന മറ്റ് ഒരു തെളിവിനോട് എതിരാകുന്നത് പോലെ. അല്ലെങ്കിൽ ശരിയായ അർഥകൽപനയോട് (ഹക്വീക്വത്ത്) ആലങ്കാരികമാണ് (മജാസ്) ഉദ്ദേശിക്കപ്പെടുന്നതെന്ന് അറിയിക്കുന്ന മറ്റ് പല തെളിവുകളും എതിരായി വരുന്നത് പോലെ. ഇതുപോലെയുള്ള പരസ്പര വിരുദ്ധമായി തോന്നാവുന്ന (മുആറളാത്ത്) ഇനങ്ങളുടെ മേഖല അതും അതിവിശാലമാണ് എന്നത് സ്മരണീയമാണ്. വാക്കുകളുടെ ആശയങ്ങൾ പരസ്പര വിരുദ്ധമായി വരുമ്പോൾ അവയിലൊന്നിന് പ്രബലത കൽപിക്കുന്ന (തർജീഹ്) സൂക്ഷ്മവും ചിന്തനീയവുമായ മേഖലയും സമുദ്രസമാനം വിശാലമാണ്.**

**എട്ടാമത്തെ കാരണം:** ഹദീഥിൽ നിന്നും മനസ്സിലാക്കപ്പെടുന്ന ഇന്ന ആശയത്തോട് വേറൊരു ഹദീഥ് എതിരായിവരുന്നു എന്നതിനാൽ ആ ആശയം ഇവിടെ ഉദ്ദേശിക്കപ്പെടുന്നില്ല എന്ന് ഒരു പണ്ഡിതൻ കരുതുന്നു. അതായത്, ഒരു പൊതുവായ ആശയത്തോട് (ആമ്) മറ്റൊരു പ്രത്യേകമായി പറഞ്ഞ കാര്യം (ഖാസ്സ്) എതിരായി വരുന്നത് പോലെ. അല്ലെങ്കിൽ നിരുപാധികം (മുത്വലക്) പറയപ്പെട്ടതിനോട് സോപാധികം പറഞ്ഞത് (മുകയ്യദ്) എതിരായി വരുന്നത് പോലെ. അല്ലെങ്കിൽ നിരുപാധികമായ കൽപന നിർബന്ധത്തെ നിഷേധിക്കുന്ന മറ്റ് ഒരു തെളിവിനോട് എതിരാകുന്നത് പോലെ. അല്ലെങ്കിൽ ശരിയായ അർഥകൽപനയോട് (ഹക്വീകത്ത്) ആലങ്കാരികമാണ് (മജാസ്) ഉദ്ദേശിക്കപ്പെടുന്നതെന്ന് അറിയിക്കുന്ന മറ്റ് പല തെളിവുകളും എതിരായി വരുന്നത് പോലെ. ഇതുപോലെയുള്ള പരസ്പര വിരുദ്ധമായി തോന്നാവുന്ന (മുആറളാത്ത്) ഇനങ്ങളുടെ മേഖല അതും അതിവിശാലമാണ് എന്നത് സ്മരണീയമാണ്. വാക്കുകളുടെ ആശയങ്ങൾ പരസ്പര വിരുദ്ധമായി വരുമ്പോൾ അവയിലൊന്നിന് പ്രബലത കൽപിക്കുന്ന (തർജീഹ്) സൂക്ഷ്മവും ചിന്തനീയവുമായ മേഖലയും സമുദ്രസമാനം വിശാലമാണ്.

**ഒമ്പതാമത്തെ കാരണം:** ഒരു ഹദീഥ് അതിന്റെ ദുർബലതയെ അറിയിക്കുന്നതോ അത് കാലഹരണപ്പെട്ട (മൻസൂഖ്) നിയമമാണെന്നറിയിക്കുന്നതോ അല്ലെങ്കിൽ അതിന്റെ പ്രത്യക്ഷാർഥമല്ല ഉദ്ദേശ്യമെന്നറിയിക്കുന്നതോ ആയ മറ്റ് തെളിവുകളോട് എതിരായി വരുന്നതായി ഒരു പണ്ഡിതൻ കരുതിയാൽ ചിലപ്പോൾ അത് എല്ലാവരും അംഗീകരിക്കുന്ന-ആയത്തോ ഹദീഥോ ഇജ്മാഓ പോലുള്ള തെളിവുകളാവാം. ഇത് രണ്ട് രൂപത്തിലുണ്ടാകും: (1) എതിരായി വന്ന മറ്റ് തെളിവുകൾ മൊത്തത്തിൽ പ്രബലമായി വരിക. അപ്പോൾ പ്രബലമായ പ്രസ്തുത തെളിവിന് മുൻഗണന നൽകൽ അനിവാര്യമായി. ചിലപ്പോൾ അവയിലൊന്ന് കാലഹരണപ്പെട്ട(മൻസൂഖ്)തായി കരുതുന്നത് കൊണ്ടോ അല്ലെങ്കിൽ വ്യാഖ്യാനിക്കപ്പെടേണ്ടതുണ്ട് എന്ന് കരുതുന്നത് കൊണ്ടോ ഒക്കെയാകാം ഒന്നിനെ മാറ്റി മറ്റൊന്നിനെ പ്രബലപ്പെടുത്തിയത്. എന്നാൽ പിന്നീട് അദ്ദേഹത്തിന്റെ വിലയിരുത്തലുകളിൽ അബദ്ധം പറ്റിയിട്ടുള്ളതായി ബോധ്യപ്പെടാം. പിൽകാലത്ത് വന്ന തെളിവിനെ മുൻകാലനിയമമായി തെറ്റിദ്ധരിച്ച് അത് കാലഹരണപ്പെട്ടതായി മനസ്സിലാക്കിയിരിക്കാം. മറ്റു ചിലപ്പോൾ ഹദീഥിന്റെ പദങ്ങളും പ്രയോഗങ്ങളും പിന്തുണക്കാത്ത വ്യഖ്യാനങ്ങൾ നൽകുന്നതിലൂടെ വ്യാഖ്യാനത്തിലും പിഴവ് സംഭവിക്കുകയുമാകാം.

അതല്ലെങ്കിൽ അതിനെ നിരാകരിക്കുന്ന വല്ലതും ഉണ്ടായിരിക്കാം. അതായത് എതിരായി വന്നതായി കരുതിയ ആ തെളിവിൽ അങ്ങനെ എതിരാകുന്ന ഒരാശയമില്ലാതിരിക്കാം. അതല്ലെങ്കിൽ എതിരായിവന്ന റിപ്പോർട്ട് മറ്റേ റിപ്പോർട്ടിന്റെ അത്ര പ്രബലതയില്ലാത്തതാകാം. മുമ്പ് പറഞ്ഞ കാരണങ്ങളും മറ്റും ആദ്യ ഹദീഥിലും വരാം.

അപ്രകാരം തന്നെയാണ് ഇജ്മാഅ് (ഐകകണ്ഠ്യേനയുള്ള അഭിപ്രായം) അവകാശപ്പെടുന്ന കാര്യങ്ങളിൽ മിക്കവാറും സംഭവിക്കാറുള്ളത്. എതിരഭിപ്രായങ്ങളെ കുറിച്ചുള്ള അജ്ഞതമൂലം ഇതിനെ (ഇജ്മാഇനെ) അവലംബിച്ച മഹാപണ്ഡിതന്മാരെ തന്നെ നാം കണ്ടിട്ടുണ്ട്. എന്നാൽ അവരുടെ പക്കലുള്ള തെളിവുകളുടെ ബാഹ്യവശം തന്നെ അതിന് എതിരായി നിൽക്കുന്നതാണ് താനും.

എന്തുകൊണ്ടെന്നാൽ, മുൻകാല പണ്ഡിതന്മാരാരും പറയാത്ത ഒരു അഭിപ്രായം സ്വന്തമായി പറയാൻ ഒരു പണ്ഡിതൻ ധൈര്യം കാണിക്കുകയില്ല. വിശിഷ്യാ; അതിനെതിരായി മുൻകാല പണ്ഡിതന്മാർ പറഞ്ഞി

ട്ടുണ്ട് എന്ന് കൂടി അദ്ദേഹം അറിഞ്ഞാൽ. എത്രത്തോളമെന്നാൽ ചിലർ ഇത്തരം സാഹചര്യങ്ങളിൽ പരമാവധി പറയാറുള്ളത് ഇത്രയുമാണ്: "ഈ വിഷയത്തിൽ വല്ല ഇജ്മാഉം സ്ഥിരപ്പെട്ടിട്ടുണ്ടെങ്കിൽ അതാണ് പിൻപറ്റുവാൻ ഏറ്റവും അർഹമായത്. അങ്ങനെ ഇജ്മാഅ് ഉണ്ടായിട്ടില്ലെങ്കിൽ ഈ വിഷയത്തിലുള്ള എന്റെ അഭിപ്രായം ഇന്നതാകുന്നു."

'അടിമയുടെ സാക്ഷ്യം അനുവദിച്ച ഒരാളെയും എനിക്കറിയില്ല' എന്ന് പറയുന്ന ഒരാളുടെ വാക്കു പോലെയാണത്. എന്നാൽ അടിമയുടെ സാക്ഷ്യം അംഗീകരിച്ചത് അലി‍ۡ, അനസ്‍ۡ തുടങ്ങിയ സ്വഹാബികളിൽ നിന്നും ശുറൈഹ്‍ۡയിൽ നിന്നുമൊക്കെ സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്.

അപ്രകാരം തന്നെ വേറെ ചിലർ പറയാറുണ്ട്; 'ഭാഗികമായി സ്വതന്ത്രയാക്കപ്പെട്ട അടിമക്ക് അനന്തരാവകാശത്തിന് അർഹതയില്ല എന്നതിൽ ഇജ്മാഉണ്ട്' എന്ന്. എന്നാൽ ഭാഗികമായി മാത്രം മോചനം നൽകപ്പെട്ട അടിമക്ക് അനന്തരാവകാശം നൽകിയ സംഭവം അലി‍ۡ, ഇബ്നുമസ്ഊദ്‍ۡ തുടങ്ങിയ സ്വഹാബികളിൽ നിന്ന് പ്രബലമായിബ വന്നിട്ടുണ്ട്. നബിﷺയിൽ നിന്ന് തന്നെ ഹസനായ ഒരു ഹദീഥ് ഈ വിഷയത്തിൽ വന്നിട്ടുണ്ട്: (ഇബ്നു അബ്ബാസ്‍ۡ നിവേദനം. നബിﷺ പറഞ്ഞു: "മോചനക്കരാറിലേർപ്പെട്ട ഒരു അടിമ താൻ യജമാനന് അടച്ചുതീർത്ത തുകക്കനുസരിച്ച് മോചിപ്പിക്കപ്പെടുന്നതാണ്. മോചിപ്പിക്കപ്പെടുന്നതിനനുസരിച്ചാണ് അയാളിൽ ഇസ്‌ലാമിക വിധി നടപ്പിലാക്കപ്പെടുന്നത്. മോചിപ്പിക്കപ്പെട്ടതിനനുസരിച്ച് അയാൾക്ക് അനന്തരാവകാശം നൽകപ്പെടുകയും ചെയ്യും" (നസാഈ, അബൂദാവൂദ്, തിർമിദി എന്നിവർ റിപ്പോർട്ട് ചെയ്തത്. ഇമാം തിർമിദി 'ഹസനായ ഹദീഥ്' എന്ന് പറയുകയും ചെയ്തിട്ടുണ്ട്).

വേറെ ചിലർ ഇങ്ങനെ പറയുന്നു: "നമസ്കാരത്തിൽ നബിﷺയുടെ പേരിൽ സ്വലാത്ത് പറയൽ നിർബന്ധമാണെന്ന് പ്രസ്താവിച്ച ഒരാളെയും എനിക്കറിയില്ല." എന്നാൽ അത് നിർബന്ധമാണെന്ന് പ്രസ്താവിച്ചയാളാണ് അബൂജഅ്ഫർ അൽ ബാഖിർ. (ഇമാം ശാഫിഈ(റഹി)യും മറ്റും ഈ അഭിപ്രായം പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളറിയാൻ ആഗ്രഹിക്കുന്നവർ ഇബ്നുൽക്വയ്യിം(റഹി)യുടെ 'ജലാഉൽ അഫ്ഹം ഫിസ്സ്വലാത്തി അലാ ഖൈരിൽ അനാം' എന്ന ഗ്രന്ഥം നോക്കുക).

**ഒരു ഹദീഥ് അതിന്റെ ദുർബലതയെ അറിയിക്കുന്നതോ അത് കാലഹരണപ്പെട്ട (മൻസൂഖ്) നിയമമാണെന്നറിയിക്കുന്നതോ അല്ലെങ്കിൽ അതിന്റെ പ്രത്യക്ഷാർഥമല്ല ഉദ്ദേശ്യമെന്നറിയിക്കുന്നതോ ആയ മറ്റ് തെളിവുകളോട് എതിരായി വരുന്നതായി ഒരു പണ്ഡിതൻ കരുതിയാൽ ചിലപ്പോൾ അത് എല്ലാവരും അംഗീകരിക്കുന്ന-ആയത്തോ ഹദീഥോ ഇജ്മാഓ പോലുള്ള തെളിവുകളാവാം.**

അതെന്തുകൊണ്ട് സംഭവിക്കുന്നവെന്നാൽ, മിക്ക പണ്ഡിതന്മാരും പരമാവധി ശ്രമിക്കുന്നത് അവരുടെ നാട്ടിലെ പണ്ഡിതന്മാരുടെ വാക്കുകളും ഫത്‌വകളും അറിയാൻ മാത്രമാണ്. മറ്റു പണ്ഡിതന്മാരുടെ വാക്കുകൾ അവർക്കറിയുകയില്ല. മുൻകാല പണ്ഡിതന്മാരിൽ നാം കൂടുതലായിക്കാണുക മദീനക്കാരുടെയും കൂഫക്കാരുടെയും അഭിപ്രായങ്ങളാണ്. പിൽകാലക്കാരിൽ ഭൂരിഭാഗം ആളുകൾക്കും രണ്ടോ മൂന്നോ ഇമാമുകളുടെ അഭിപ്രായങ്ങൾ മാത്രമായിരിക്കും അറിവുണ്ടാവുക. അതിൽ നിന്ന് വിഭിന്നമായ അഭിപ്രായങ്ങളൊക്കെ അവരുടെ പക്കൽ 'ഇജ്മാഇന്' (ഐകകണ്ഠ്യേനയുള്ള അഭിപ്രായത്തിന്) എതിരായിട്ടായിരിക്കും വിലയിരുത്തപ്പെടുക. കാരണം, അത്തരം അഭിപ്രായങ്ങൾ പറഞ്ഞവരെയൊന്നും അവർക്കറിഞ്ഞുകൂടാ. എന്നാൽ അവരുടെ കർണപുടങ്ങളിൽ എതിരഭിപ്രായങ്ങൾ വന്ന് അലയടിച്ചുകൊണ്ടിരിക്കുകയാണ്. എന്നാലും താൻ കേട്ട് പരിചയിച്ച അഭിപ്രായങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരഭിപ്രായം പറയാൻ അധികപേരും കൂട്ടാക്കുകയില്ല. ഇജ്മാഇന് എതിരായിപ്പോകുമോ തന്റെ അഭിപ്രയമെന്ന പേടിയാണ് അതിന് കാരണം.

അല്ലെങ്കിൽ 'ഇജ്മാഅ്' മഹത്തരമായ തെളിവായിരിക്കെ അതിനെതിരായി വന്ന വല്ല ഹദീഥുമവലംബിച്ച് മതവിധി പറയുന്നതും ഇജ്മാഇനെതിരായിപ്പോകുമെന്ന ധാരണമൂലമാകാം ഇങ്ങനെ സംഭവിക്കുന്നത്.

പല പണ്ഡിതന്മാരും ഉപേക്ഷിച്ച, മിക്കവാറും ഹദീഥുകളുടെയും അഭിപ്രായങ്ങളുടെയും കാര്യത്തിൽ അവർക്കുള്ള ന്യായം ഇതാണ്. ചിലർക്ക് അത് വാസ്തവത്തിൽ ഒരു ന്യായമാണ്. മറ്റുചിലർക്ക് സത്യത്തിൽ ന്യായമല്ലെങ്കിലും അവർ അത് ന്യായമായിക്കരുതുന്നവരാണ്. അത് തന്നെയാണ് മിക്ക കാരണങ്ങളുടെയും സ്ഥിതി. ●

കാഴ്ച



ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# പരിശ്രമിച്ചാൽ ജോലി കിട്ടും

**ഓ**ഫീസിലേക്ക് ഒരു സുമുഖൻ കടന്ന് വന്നു. ചുവപ്പ് ടീഷർട്ടും വെള്ള മുണ്ടും ധരിച്ച, കാഴ്ചയിൽ വിദ്യാഭ്യാസവും സാമ്പത്തികവും ഉള്ളവനെന്ന് തോന്നിപ്പിക്കുന്ന ഒരു യുവാവ്. തന്റെ മാനേജ്മെന്റ് മേഖലയിലെ ബിരുദാനന്തര ബിരുദ സർടിഫിക്കറ്റ് കോപ്പി അറ്റസ്റ്റ് ചെയ്യാനാണയാൾ വന്നത്. എന്ത് ചെയ്യുന്നുവെന്ന എന്റെ ചോദ്യത്തിന് പ്രത്യേകിച്ചൊന്നുമില്ല എന്നായിരുന്നു മറുപടി. ജോലിക്ക് ശ്രമിക്കുന്നില്ലേ എന്ന ചോദ്യത്തിനുള്ള മറുചോദ്യം കേട്ട ഞാൻ അക്ഷരാർഥത്തിൽ പകച്ച് പോയി! 'പി. എസ്.സി വഴി ജോലികിട്ടാൻ എന്താണ് ചെയ്യേണ്ടത്' എന്നതായിരുന്നു അയാളുടെ മറുചോദ്യം. വിദ്യാസമ്പന്നരിലും നിരക്ഷരതയോ?

കോളേജിലെ എന്റെ ഒരു സീനിയർ ഡിഗ്രി അവസാന വർഷം പൂർത്തിയാക്കാതെ നേരെ പി.എസ്.സി. വഴി ജോലിക്ക് ചേരുകയാണ് ഉണ്ടായത്. ടൗണിൽ ജീവിക്കുന്ന, സർക്കാർ ജീവനക്കാരന്റെ മകനായ അയാൾ നേരത്തെ അപേക്ഷിക്കേണ്ടതിന്റെയും പഠിക്കേണ്ടതിന്റെയും പ്രാധാന്യം മനസ്സിലാക്കിയിരുന്നു, അല്ലെങ്കിൽ അത് ബോധ്യപ്പെടുത്താൻ അയാൾക്ക് ആളുണ്ടായിരുന്നു എന്നതായിരുന്നു ഇരുപതാം വയസ്സിൽ സർക്കാർ ജോലി കിട്ടാൻ കാരണം. എന്നാൽ ഡിഗ്രി പൂർത്തിയാക്കി മൂന്ന് വർഷം കഴിഞ്ഞാണ് ഞാൻ പി.എസ്.സി അപേക്ഷ തന്നെ നൽകുന്നത്. ഗ്രാമത്തിൽ ജീവിച്ച എനിക്ക് അത്തരത്തിൽ ഉപദേശ നിർദേശം തരാൻ ആരുമില്ലെന്നതായിരുന്നു കാരണം.

പത്ത് മുപ്പത് വർഷം മുമ്പ് എന്റെ നാട്ടിൽ ഞാനടക്കമുള്ള മൂന്ന് പേർ പി.എസ്.സി ക്ളർക് ലിസ്റ്റിൽ ഇടം നേടി, പോസ്റ്റിംഗ് കിട്ടി. പത്താം ക്ലാസ്സ് ടി.ടി.സി, അല്ലെങ്കിൽ ഡിഗ്രി, ബിഎഡ്, പിന്നെ മാനേജ്മെന്റ് സ്കൂളിൽ ജോലി എന്ന നാട്ടിലെ സാമ്പ്രദായിക ലൈനിൽ നിന്ന് ഞങ്ങളുടെ പോസ്റ്റിംഗ് മാറ്റം ഉണ്ടാക്കി എന്ന് തോന്നുന്നു. ഒറ്റക്കും കൂട്ടമായും ഫീസ് കൊടുത്ത് സ്ഥാപനങ്ങളിൽ ചേർന്നും പി.എസ്. സി ജോലിക്കുള്ള പഠനം സജീവമായി. നിരവധി പേർക്ക് നിയമനം കിട്ടി.

പണ്ട്, പരീക്ഷ എഴുതിയിരുന്ന ചുരുക്കം പേർ പഠിക്കാതെ, ഒരു തയ്യാറെടുപ്പും കൂടാതെ ഹാൾടിക്കറ്റ് മടക്കി പോക്കറ്റിലിട്ട് പേരിന് പരീക്ഷക്ക് പോയി, ഇതൊന്നും നമുക്ക് കിട്ടില്ല, പിടിപാടുള്ളവനേ കിട്ടൂ എന്ന് പറഞ്ഞു തിരിച്ച് പോരാറായിരുന്നു പതിവ്.

യോഗ്യതയുണ്ടായിട്ടും പി.എസ്.സി. പരീക്ഷക്ക് അപേക്ഷ പോലും നൽകാത്തവരാണ് യുവാക്കളിൽ സിംഹഭാഗവും എന്നതാണ് യാഥാർഥ്യം. പരീക്ഷ എഴുതുന്നവർ പോലും ഗൗരവമായി തയ്യാറെടുപ്പുകൾ നടത്തുന്നുമില്ല.

വീട്ടിൽ ഞാനും സഹോദരരും ഭാര്യമാരുമടക്കം 9 പേർക്ക് പി.എസ്.സി. വഴി ജോലികിട്ടിയ വിശേഷങ്ങൾ ഒരു യുവജന സംഘടനയുടെ സംസ്ഥാന കൗൺസിൽ പ്രതിനിധികളുമായി പങ്കുവെച്ചപ്പോൾ അവർക്കത് വലിയ വിസ്മയമായിരുന്നു. പരീക്ഷക്ക് ഒരുമിച്ച് തയ്യാറെടുത്ത എന്റെ ഭാര്യയും രണ്ട് സഹോദരരും അടക്കം വീട്ടിൽ മൂന്ന് പേർക്ക് ഒരേ ലിസ്റ്റിൽ നിന്ന് നിയമനം കിട്ടിയതും ചർച്ചയായി.

'അതി ഗൗരവത്തോടെ ഒരു വർഷം കഠിനമായി പരിശ്രമിച്ചാൽ ഏതെങ്കിലും ജോലി കിട്ടാതിരിക്കില്ല' എന്ന എന്റെ സുഹൃത്തായ പരീക്ഷാ പരിശീലകന്റെ ഉറപ്പ് ഞാൻ പങ്ക് വെച്ചു. ഈ പരിപാടി അവരിൽ ആത്മവിശ്വാസം കൂട്ടിയിട്ടുണ്ട് എന്നാണ് പിന്നീട് കിട്ടിയ വിലയിരുത്തൽ.

പണ്ടത്തെ അത്ര എളുപ്പമല്ലെങ്കിലും, അറിയാനും പഠിക്കാനും നിരവധി ആധുനിക സൗകര്യങ്ങൾ ലഭ്യമായ ഇക്കാലത്ത് ചിട്ടയോടെ പതിവായി ഗൗരവത്തോടെ തുടർച്ചയായി പഠിച്ചാൽ ജോലി കിട്ടുമെന്ന് ഉറപ്പ്-ഇൻശാ അല്ലാഹ്. എന്നാൽ ഉയർന്ന യോഗ്യതയുള്ളവർക്കല്ല, കഠിനാധ്വാനികൾക്ക് മാത്രമാണ് ഇങ്ങനെ ജോലി ലഭിക്കുന്നത് എന്നാണ് കാൽ നൂറ്റാണ്ടിലേറെ നീണ്ട എന്റെ സർവീസ് അനുഭവവും നൽകുന്ന പാഠം ●




WISDOM
GLOBAL ISLAMIC MISSION




പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...

നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
17 August 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# ഉടൻ പുറത്തിറങ്ങുന്നു...




## ശുദ്ധീകരണം ഇസ്‌ലാമിൽ

**ഫള്ലുൽ ഹഖ് ഉമരി ആമയൂർ / വില: ₹ 110**

ശുദ്ധി വിശ്വാസത്തിന്റെ ഭാഗമാണ് എന്നതാണ് മതത്തിന്റെ അധ്യാപനം. അതിനാൽ ശുദ്ധീകരണം നിർബന്ധവുമാണ്. മനുഷ്യനെ ബാധിക്കുന്ന അശുദ്ധികൾ എന്തൊക്കെ, അവയെ എങ്ങനെ ശുദ്ധീ കരിക്കും? തുടങ്ങിയ നിത്യജീവിതവുമായി ബന്ധപ്പെട്ട ധാരാളം മതവിധികളെ കുറിച്ചുള്ള ആഴത്തിലുള്ള സമഗ്ര പഠനമാണിത്. അഭിപ്രായ ഭിന്നതയുള്ള വിഷയങ്ങളിൽ പ്രാമാണിക നിലപാടുകൾ വ്യക്തമാക്കുന്നതിനാൽ വായനക്കാർക്ക് ഏറെ ഗുണപ്രദമാണ് ഈ കൃതി.




## ഖുർആൻ പാരായണ നിയമങ്ങൾ

**മുഹമ്മദ് ഷാ മൗലവി / വില: ₹ 50**

അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിന്റെ പഠനവും പാരായണവും ഏറെ പുണ്യകരമാണ്. പാരായണത്തിന് നിരവധി നിയമങ്ങൾ ഉള്ള ഗ്രന്ഥം കൂടിയാണ് ഖുർആൻ. നിശ്ചിത നിയമത്തിലൂടെയല്ലാത്ത പാരായണങ്ങൾ ഗുരുതര അർഥ വ്യത്യാസങ്ങൾക്ക് കാരണമാവുമെന്നതിനാൽ, ഖുർആൻ പാരയണ നിയമങ്ങൾ അറിഞ്ഞിരിക്കൽ വിശ്വാസികൾക്ക് ബാധ്യതയാണ്. ഖുർആൻ പാരായണ നിയമങ്ങൾ ലളിതമായി ഈ കൃതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.